# ബൈബിളിന്റെ ദൈവികത

**വിമർശനങ്ങൾക്കുള്ള മറുപടി**

നൈനാൻ മാത്തുള്ള

Published by:
**BV Publishing, Inc.,**
Houston, Texas.
www.bvpublishing.org

# Bibilinte Daivikatha

Vimarshanangalkkulla Marupadi
(Malayalam)

Author
**Ninan Mathullah**

© Copyright, 2012, by Ninan Mathullah
E-mail:bvpublishing@yahoo.com
First Edition - 2013
Cover Design: Saji Clarion
ISBN-978-0-9843045-23

ALL RIGHTS RESERVED. NO PART OF THIS BOOK MAY BE REPRODUCED TRANSMITTED IN ANY FORM, FOR COMMERCIAL PURPOSES, EXCEPT FOR BRIEF QUOTATIONS IN PRINTED REVIEWS, WITHOUT PERMISSION IN WRITING FROM THE PUBLISHERS.

Published by: BV Publishing, Inc., P. O. Box. 753
Stafford, Texas. 77497.
To order book, visit www.bvpublishing.org
www.amazon.com,
or bvpublishing@yahoo.com

# ഉള്ളടക്കം


| | |
|---|---|
| നന്ദി-ഹൃദയപൂർവ്വം | 4 |
| സമർപ്പണം | 5 |
| അവതാരിക | 6 |
| ആമുഖം | 8 |
| വായനയ്ക്കുമുമ്പ് | 12 |
| ബൈബിൾ എന്താണ് ? | 20 |
| പഴയനിയമം | 38 |
| തൗറത്തും സാബൂറും | 58 |
| പുതിയ നിയമം | 63 |
| സുവിശേഷ പുസ്തകങ്ങൾ | 75 |
| പുസ്തകങ്ങളുടെ കാനോനികരണം | 85 |
| ദൈവനിവേശിതം | 103 |
| ബൈബിളിന്റെ ശാസ്ത്രീയത | 113 |
| ബൈബിൾ പ്രവചനങ്ങൾ | 128 |
| ബൈബിൾ ചരിത്രമോ? | 150 |
| ബൈബിളിലെ വിഷമപ്രശ്നങ്ങൾ | 173 |
| പ്രവാചക പുസ്തകങ്ങൾ | 190 |
| ക്രൈസ്തവ എഴുത്തുകാർ | 231 |
| ബൈബിൾ-ഖുറാന്റെ നിലപാട് | 250 |
| മുസ്ലീം സഹോദരങ്ങളോട്, ദൈവവിശ്വാസികളോട് | 258 |

# നന്ദി - ഹൃദയപൂർവ്വം

ഈ പുസ്തകം എഴുതാൻ പ്രേരകമായ ആശയങ്ങൾ മനസ്സിൽ അങ്കു രിപ്പിച്ച എന്റെ രക്ഷകനും സത്യവെളിച്ചവുമായ യേശുക്രിസ്തുവിന്.......

ഇതിന്റെ പ്രസിദ്ധീകരണത്തിനായി എന്നെ നിർബന്ധിക്കുകയും പ്രോത്സാഹിപ്പിക്കുകയും, എം.എം.അക്ബറിനോടുള്ള ഇതിലെ ചോദ്യ ങ്ങൾ തയ്യാറാക്കുന്നതിൽ എന്നെ സഹായിക്കുകയും ചെയ്ത എന്റെ സഹോദരൻ സാബു നൈനാന്.......

ഈ രചനയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയ റിട്ട.പ്രൊഫ. കെ.റ്റി തോമസ് മാവേലിക്കര (ബിഷപ്പ് മൂർ കോളജ്), റിട്ട. പ്രൊഫ.എം.ജെ ഇടുക്കുള (ബസേലിയസ് കോളജ്, കോട്ടയം) റവ. ഷാജി ഡാനിയേൽ, റവ. ടൈറ്റസ് വർഗ്ഗീസ് എന്നിവർക്കും...

മനോഹരമായ അവതാരിക എഴുതി ഇതിനെ മോടിപിടിപ്പിച്ച ഒരു ബൈബിൾ പണ്ഡിതൻ കൂടിയായ ഡോ.അഡ്വ. മാത്യു വൈരമ ണിന്....

കവർ ഡിസൈൻ, ലേ ഔട്ട്, ടൈപ്പ് സെറ്റിംഗ് എന്നിവ ചെയ്ത സജി ക്ലാരിയോണിന്.......

ഈ പുസ്തകത്തിന്റെ അച്ചടി മനോഹരമായി ചെയ്തു തന്ന Authentic പ്രസ്സിന്.......

ഒരു വാക്കു കൊണ്ടോ, സഹകരണം കൊണ്ടോ ഈ ഉദ്യമത്തിനു പ്രചോദനം നല്കിയ എന്റെ എല്ലാ അഭ്യുദയകാംക്ഷികൾക്കും ഹൃദ യത്തിന്റെ ഭാക്ഷയിൽ ഒരായിരം നന്ദി.

# സമർപ്പണം

സത്യവെളിച്ചത്തിന്...

# അവതാരിക

ശ്രീ. നൈനാൻ മാത്തുള്ള രചിച്ച എം.എം.അക്ബറിന്റെ ബൈബിൾ വിമർശനങ്ങൾക്കുള്ള മറുപടിയായ “ബൈബിളിന്റെ ദൈവികത-വിമർശനങ്ങൾക്കുള്ള മറുപടി” എന്ന ഗ്രന്ഥം ആദിയോടന്തം വായിക്കാൻ എനിക്ക് അവസരം ലഭിച്ചു. മാത്തുള്ളയുടെ ആദ്യത്തെ കൃതി ആംഗലേയ ഭാഷയിലുള്ള “മെറ്റാമോർഫോസിസ് ഓഫ് ആൻ ഏതിയസ്റ്റ്” ആണ്. ആ കൃതിക്കു ഞാനാണ് അവതാരിക എഴുതിയത്. ഉടനെ തന്നെ മലയാള ഭാഷയിൽ വേറെ ഒരു കൃതി എഴുതുവാൻ മാത്തുള്ളയ്ക്കു കഴിഞ്ഞതിൽ ഞാൻ വളരെ ആനന്ദിക്കുന്നു. ഇംഗ്ലീഷിലും മലയാളത്തിലും തനിക്കു കൃതികൾ രചിക്കുവാൻ കഴിവുണ്ടെന്നു ഈ ഗ്രന്ഥങ്ങൾ വെളിപ്പെടുത്തുന്നു.

ഓരോ മതസ്ഥരും തങ്ങളുടെ മതഗ്രന്ഥം പവിത്രവും ശ്രേഷ്ഠവും ആണെന്നു കരുതുകയും അതു ദൈവദത്തമാണെന്നു സ്ഥാപിക്കുവാൻ പരമാവധി ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ ഇതഃപര്യന്തം ഈ അവനിയിൽ ആവിർഭവിച്ചിട്ടുള്ള സമസ്തസാഹിത്യങ്ങളെക്കാൾ ബൈബിൾ സവിശേഷതയുള്ള ഗ്രന്ഥമാണെന്നു സാഭിമാനം ഉദ്ഘോഷിക്കുവാൻ കഴിയും. ബൈബിൾ എന്ന നാമമാകട്ടെ എഴുതാനുപയോഗിച്ച വസ്തുവിൽ നിന്നും ഉത്ഭവിച്ചതാണ്. നദീതടങ്ങളിലും ചതുപ്പുകളിലും വളർന്നിരുന്ന പാപ്പിറസ് ചെടിയുടെ പോളകളാണ് ആദ്യകാലത്ത് എഴുതുവാൻ ഉപയോഗിച്ചിരുന്നത്. ഗതകാല ചരിത്രത്തിന്റെ സമൃദ്ധമായ ഖനിഗർഭം കൂടിയായ ബൈബിൾ ഇതര ലോകരാഷ്ട്ര ചരിത്രങ്ങൾക്ക് ഒരു അടിസ്ഥാന ഗ്രന്ഥവുമാണ്. ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങൾ ബൈബിൾ പ്രമാദരഹിതമായ ഒരു ഗ്രന്ഥമാണെന്നു തെളിയിക്കുന്നു.

ഇസ്ലാം മതം ക്രിസ്തുവിനു ശേഷമാണ് ആരംഭിച്ചത്. ക്രിസ്തീയ വെളിപാടുകൾ പലതും ശരിവച്ചുകൊണ്ടുതന്നെ രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകമാണ് ഖുറാൻ. “മർയമേ, തീർച്ചയായും അല്ലാഹു നിനക്ക് അവന്റെ പക്കൽ നിന്നുള്ള ഒരു വചനത്തെപ്പറ്റി സന്തോഷ വാർത്ത അറിയിക്കുന്നു. അവന്റെ പേർ മർയമിന്റെ മകൻ മസീഹ് ഈസാ എന്നാകുന്നു. അവൻ ഇഹത്തിലും പരത്തിലും മഹത്വമുള്ളവനും സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനുമായിരിക്കും.” (സുറ 3:45) (പരിഭാഷകർ: ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി, കുഞ്ഞുമുഹ

മ്മദ് പറപ്പൂര്) യേശുക്രിസ്തുവിനെ ഉദ്ദേശിച്ചു വചനം(കലിമ)എന്നു തന്നെ ഖുർ-ആനിലും പറയുന്നു(3:45,19:34).

ദൈവത്തോടുള്ള സ്നേഹവും ദൈവവചനത്തോടുള്ള എരിവും നിമിത്തമാണ് മാത്തുള്ള ഈ ഗ്രന്ഥരചനക്ക് മുതിർന്നത്. മാത്തുള്ളയിലുള്ള ഒരു ഗവേഷകന്റെ പാടവവും താർക്കികന്റെ സാമർത്ഥ്യവും ഈ കൃതിയിൽ ദർശിക്കാവുന്നതാണ്. വളരെ വ്യക്തവും ശക്തവുമായ നിലയിൽ എം.എം.അക്ബറിന്റെ വിമർശനങ്ങളെ ഖണ്ഡിക്കുന്നതോടൊപ്പം അക്ബറിനു ഗതിമുട്ടുന്ന പല ചോദ്യങ്ങളും ഗ്രന്ഥകർത്താവ് ഉന്നയിക്കുന്നുണ്ട്. മാത്തുള്ളയ്ക്കു ദൈവശാസ്ത്രത്തിലും, ശാസ്ത്രവിഷയങ്ങളിലും, ലോകജ്ഞാനത്തിലും, ഖുറാനിലുള്ള അറിവ് ഈ ഗ്രന്ഥപാരായണത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.

ഇസ്ലാം മതത്തിന് അർഹതപ്പെട്ട ബഹുമാനം നൽകിക്കൊണ്ടാണ് ഗ്രന്ഥകർത്താവ് ഈ കൃതി രചിച്ചിരിക്കുന്നത്. അക്ബറിന്റെ വിമർശനങ്ങൾക്ക് അദ്ധ്യായങ്ങൾ തിരിച്ചു മറുപടി നൽകിയതിനാൽ പലവിഷയങ്ങളും ആവർത്തിച്ച് എഴുതിയിട്ടുണ്ട്. അത് അനുവാചകരുടെ ഹൃദയങ്ങളിൽ വിഷയങ്ങൾ ആഴ്ന്നിറങ്ങിച്ചെല്ലുന്നതിനുവേണ്ടിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അബ്രഹാമിൽ നിന്നും ബഹുജാതികൾ ഉത്ഭവിക്കുമെന്നുള്ള ദൈവത്തിന്റെ അരുളപ്പാടിന്റെ ഫലമായിട്ടാണ് നാനാ ജാതികൾ ഈ ഭൂമിയിൽ ഉണ്ടായതെന്നു ഗ്രന്ഥകാരൻ ബൈബിളിന്റെയും ചരിത്രവസ്തുതകളുടെയും അടിസ്ഥാനത്തിൽ തെളിയിക്കുന്നു. ദൈവത്തിന്റെ ഹിതത്താൽ കാലാകാലങ്ങളിൽ മനുഷ്യരിൽക്കൂടെ പല ജാതികളും മതങ്ങളും ഉണ്ടായി എന്നുമാത്രം.

ഈ കൃതി ആദിയോടന്തം വായിക്കുന്നവർക്ക് വളരെ വിജ്ഞാനം ലഭിക്കുകയും, ദൈവത്തിന്റെ പദ്ധതികളെ മനസ്സിലാക്കുവാനും, യഥാർത്ഥ സത്യം ഗ്രഹിക്കുവാനും കഴിയും. അതിനാൽ ഈ കൃതി എല്ലാവരും വായിക്കുകയും മറ്റുള്ളവരെ വായിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ആത്മീയ പ്രവർത്തനം ചെയ്യുന്നവർക്കും സത്യാന്വേഷികൾക്കും ഇത് ഒരു മുതൽക്കൂട്ടായിരിക്കും. ഗ്രന്ഥകാരന് എല്ലാ ആശംസകളും നൽകിക്കൊണ്ട് ഈ കൃതി ഞാൻ ബഹുജന സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഹൂസ്റ്റൺ
09-29-2012

ഡോ.അഡ്വ.മാത്യു വൈരമൺ
അറ്റോർണി അറ്റ് ലോ
B.A, LL.M (Law), M.S, M.Div, Th.D.

# ആമുഖം

നാമെല്ലാവരും ഒരു യാത്രയിലാണ്– ജീവിതയാത്ര. ഈ യാത്രയിൽ കുന്നുകളും താഴ്‌വരകളും, അരുവികളും നീർപൊയ്കകളും, എല്ലാം തരണം ചെയ്യേണ്ടി വന്നേക്കാം. ശാന്തമായ പസഫിക് സമുദ്രത്തിന്റെ പ്രതീതിയും ഉഗ്രമായടിക്കുന്ന കാറ്റും കോളും നിറഞ്ഞ അറ്റലാന്റിക് സമുദ്രത്തിന്റെ അനുഭവങ്ങളും നേരിടേണ്ടി വന്നേക്കാം. ചിലപ്പോൾ യാത്രയിൽ ദുർഘടങ്ങളായ പ്രതിസന്ധികളെ തരണം ചെയ്യേണ്ടി വന്നേക്കാം. സഹയാത്രികർ അപകടത്തിൽപ്പെടുന്നതും കണ്ടേക്കാം. അവർ ലക്ഷ്യമില്ലാതെയോ ലക്ഷ്യം തെറ്റിയോ അലഞ്ഞു തിരിയുന്നത് കാണുക പതിവാണ്. യാത്രയിൽ ഏർപ്പെട്ടിരിക്കുന്ന സഹയാത്രികരെ ആവശ്യമെങ്കിൽ സഹായിക്കുകയെന്നുള്ളത് നമ്മുടെ കടമയാണ്. ഏകനായി യാത്രചെയ്യുന്നതിലും കൂട്ടമായി യാത്ര ചെയ്യുന്നതാണ് യാത്ര വിനോദപ്രദവും അനായാസകരവുമായിരിക്കാൻ നല്ലത്.

സഹയാത്രികർ പ്രശ്നത്തിലാകുമ്പോൾ, വഴിതെറ്റി അലയുമ്പോൾ, അപകടത്തിൽ പെടുമ്പോൾ, അപകടത്തിൽ പെടാൻ സാദ്ധ്യതയുണ്ടെന്നു കാണുമ്പോൾ മാർഗ്ഗനിർദ്ദേശം നൽകേണ്ടതും മുന്നറിയിപ്പുകൾ നൽകേണ്ടതും നമ്മുടെ കടമയാണ്. ജീവിതയാത്രയിലും ഈ തത്വങ്ങൾ നാം പാലിക്കേണ്ടിയിരിക്കുന്നു. യാത്രചെയ്തു പരിചയമുള്ളവർ യാത്രയ്ക്കുവേണ്ടി ഒരുങ്ങുന്ന വ്യക്തിയെ വേണ്ട നിർദ്ദേശങ്ങൾ നൽകി സഹായിക്കണം. യാത്ര സുഖകരമാകുന്നതിന് യാത്രയുടെ ലക്ഷ്യത്തെപ്പറ്റിയും യാത്രയിൽ പാലിക്കേണ്ട നിയമങ്ങളെപ്പറ്റിയും ഒരു ഏകദേശ അറിവെങ്കിലും ഉണ്ടായിരിക്കുന്നതു ഉചിതമായിരിക്കും.

ജീവിത യാത്രയിൽ പാലിക്കേണ്ട നിയമങ്ങളാണ് ഈ യാത്രാപദ്ധതിയുടെ സൂത്രധാരകനായ സൃഷ്ടാവായ ദൈവം മനസ്സാക്ഷിയിൽക്കൂടിയും വിവിധ മതപ്രവാചകന്മാരിൽക്കൂടിയും മാനവരാശിയ്ക്ക് നൽകിയിരിക്കുന്നത്. മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു എന്ന് പറയുന്നത് പൂർണ്ണമായും ശരിയല്ല. ദൈവത്തെപ്പറ്റി അറിയാനുള്ള, അന്വേഷിയ്ക്കാനുള്ള ആഗ്രഹം ദൈവം എല്ലാ മനുഷ്യമനസ്സുകളിലും കൊടുത്തിരുന്നു. ആ അന്വേഷണത്തിലുള്ള ദൈവത്തിന്റെ ഇടപെടലാണ് വിവിധ മതപ്രവാചകന്മാരിൽക്കൂടി മതങ്ങളായി രൂപമെടുത്തത്. അതിന് കാലസാംസ്കാരിക വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്. കാലക്രമേണ മാനുഷികമായ ആചാരങ്ങളും അന്ധവിശ്വാസങ്ങളും എല്ലാ മതങ്ങളിലും കയറിക്കൂടി എന്നതും വാസ്തവമാണ്.

മതങ്ങൾ ഇല്ലാത്ത സ്ഥിതിയിലും ഒരു വ്യക്തിക്ക് ദൈവം പ്രകൃതിയിൽ ക്കൂടി തന്നെത്തന്നെ വെളിപ്പെടുത്തുന്നുണ്ട്. “ആകാശം

ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു'' (ബൈബിൾ) ഏതൊരു വ്യക്തിയ്ക്കും പ്രകൃതിയിൽ ദൈവത്തിന്റെ മഹത്വം ദർശിയ്ക്കുവാനും ദൈവത്തിന് മഹത്വം ദർശിയ്ക്കുവാനും ദൈവത്തിന് മഹത്വം കൊടുക്കുവാനും സാധിയ്ക്കും.

ഓരോ മതങ്ങളും നൽകുന്ന നിയമങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. ഒരു വ്യക്തി ജനിച്ച കുടുംബവും, സംസ്കാരവും, സ്ഥലവും, കാലവും, ഏതു മതത്തിൽപ്പെട്ട മാതാപിതാക്കളാൽ ജനിച്ചു വളർത്തപ്പെട്ടു എന്നതനുസരിച്ച് യാത്രയുടെ പ്രാഥമിക പാഠങ്ങളെപ്പറ്റിയുള്ള അറിവ് വ്യത്യാസപ്പെട്ടിരിക്കും. ക്രമേണ ലക്ഷ്യസ്ഥാനത്തെപ്പറ്റിയുള്ള പല കഥകളും, അവിടെയെത്താനുള്ള വഴികളെപ്പറ്റിയുള്ള വ്യത്യസ്തങ്ങളായ വിവരണങ്ങളും യാത്രപുറപ്പെടുന്നതും യാത്രയിലിരിക്കുന്നതുമായ വ്യക്തികൾ കേട്ടെന്നുവരും. ചിലർ യാത്രയിലെ കമനീയവും വർണ്ണശബളവുമായ കാഴ്ചകളിൽ ലയിച്ച് ലക്ഷ്യം തന്നെ മറന്നു പോകും. പെട്ടെന്ന് അപകടത്തിൽ പെടുമ്പോഴാണ് പരിസരബോധം ഉണ്ടാകുന്നത്. അപ്പോഴേക്കും സമയം വളരെ വൈകിയിരിക്കും.

പ്രചാരത്തിലിരിക്കുന്നതായ ലക്ഷ്യത്തെപ്പറ്റിയും മാർഗ്ഗത്തെപ്പറ്റിയുമുള്ള അറിവുകളും സന്ദേശങ്ങളും മനസ്സിലാക്കി വിജയകരമായി ജീവിത യാത്ര ഓടിത്തികയ്ക്കാൻ പറ്റിയത് ഏതാണെന്നു നിശ്ചയിക്കേണ്ടത് ഓരോ വ്യക്തിയുടെയും ചുമതലയാണ്. മാതാപിതാക്കളും വ്യക്തി ഉൾപ്പെട്ട സമൂഹവും, അവർ പോയ വഴികളെപ്പറ്റിയും പോകേണ്ട വഴികളെപ്പറ്റിയും പല സൂചനകളും തന്നെന്നിരിക്കും. അതെല്ലാം പൂർണ്ണമായും ശരിയാകണമെന്നില്ല. അവരുടെ അറിവനുസരിച്ചുള്ള സൂചനകളായിരിക്കും മാതാപിതാക്കൾ, അല്ലെങ്കിൽ അവരുടെ പാരമ്പര്യവും അവർ ഉൾപ്പെടുന്ന സാമുദായിക മതസമൂഹങ്ങളും നൽകുന്നത്. ഈ സൂചനകളൊക്കെ, മാറിവരുന്ന സാഹചര്യങ്ങളിലും, കാലഘട്ടങ്ങളിലും പഴയ തലമുറ ചെയ്തതു പോലെ പാലിക്കുക പ്രായോഗികമല്ലെന്നു വന്നേക്കാം. മാറിയ സാഹചര്യങ്ങളിൽ മാറിയ മാർഗ്ഗനിർദ്ദേശങ്ങളും ലക്ഷ്യത്തെപ്പറ്റിയുള്ള ബോധവും ആവശ്യമായി വന്നേക്കാം.

ഈ എഴുത്തുകാരന്റെ 57 വർഷത്തെ യാത്രാനുഭവത്തിൽ നിന്നും സഹയാത്രികരുടെ പ്രയോജനത്തിനായി അറിഞ്ഞ അനുഭവസമ്പത്ത് മറ്റുള്ളവരുമായി പങ്കുവെയ്ക്കണമെന്ന ഉദ്ദേശത്തോടെ എഴുതിയ പുസ്തകമാണ് Metamorphosis of an Atheist - a life Journey to the Truth (ഒരു നിരീശ്വരവാദിയുടെ രൂപാന്തരം- സത്യത്തിലേക്കുള്ള ഒരു

ജീവിത യാത്ര.)

എന്നാൽ ഈ പുസ്തകം എഴുതുവാൻ പ്രേരിപ്പിച്ചത് ബഹുമാനപ്പെട്ട എം.എം. അക്ബർ എഴുതിയ "ബൈബിളിന്റെ ദൈവികത – വിമർശനങ്ങൾ വസ്തുതകൾ" എന്ന പുസ്തകത്തെ അടിസ്ഥാനമാക്കിയാണ്.

താൻ വിശ്വസിക്കുന്ന പ്രമാണങ്ങൾ, അത് യാത്രയിൽ സഹായിച്ചെങ്കിൽ മറ്റുള്ളവരെ സഹായിക്കും എന്ന ബോദ്ധ്യം ഉണ്ടെങ്കിൽ അതു മറ്റുള്ളവരുമായി പങ്കുവെയ്ക്കുക എന്നത് ഓരോ വ്യക്തിയുടെയും കടമയാണ്. ആ നിലക്ക് എം.എം. അക്ബർ നൽകുന്ന മാർഗ്ഗനിർദ്ദേങ്ങളിലെ അറിഞ്ഞോ അറിയാതെയോ വന്നുകൂടിയിരിക്കുന്ന തെറ്റിദ്ധാരണകൾ ഈ എഴുത്തുകാരന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ സഹയാത്രക്കാർക്കു ചൂണ്ടിക്കാണിക്കേണ്ടിയത്, കടമയാണെന്നു മനസ്സിലാക്കിയതാണ് ഇങ്ങനെയൊരു പുസ്തകം എഴുതാൻ പ്രേരകമായത്.

എം.എം. അക്ബറിനെയോ അദ്ദേഹം ഉൾക്കൊള്ളുന്ന സമൂഹത്തെയോ ഏതെങ്കിലും വിധത്തിൽ വേദനിപ്പിക്കുകയോ സമുദായിക മൈത്രിക്കു ക്ഷതം ഉണ്ടാക്കുവാനോ ഉള്ള ആഗ്രഹം ഈ എഴുത്തുകാരനില്ല.

നേരെമറിച്ച് എല്ലാവരും എം.എം. അക്ബർ ചൂണ്ടിക്കാണിക്കുന്ന പാതയിലെ തെറ്റിദ്ധാരണകൾ മനസ്സിലാക്കുകയും സുഖകരമായ ലക്ഷ്യസ്ഥാനത്തു എത്തിച്ചേരാനുള്ള ക്രിസ്തീയ മാർഗ്ഗത്തപ്പറ്റി മനസ്സിലാക്കണമെന്നുള്ള ആഗ്രഹത്തോടു കൂടിയാണ് ഇങ്ങനെയൊരു പുസ്തകം എഴുതാൻ തയ്യാറായത്.

മനപ്പൂർവ്വം ആരെയും വേദനിപ്പിക്കുവാനോ, തെറ്റിദ്ധരിപ്പിക്കുവാനോ ഇതിന്റെ ഉദ്ദേശമല്ല എന്ന് ഉറപ്പിച്ചു പറഞ്ഞുകൊള്ളട്ടെ.

അറിഞ്ഞിരിക്കുന്ന സത്യങ്ങളെ പാലിക്കുന്നതിൽ, മുറുകെപ്പിടിക്കുന്നതിൽ മുസ്ലീം സഹോദരങ്ങൾ വളരെ എരിവുള്ളവരാണ്. പ്രത്യേകിച്ച്, മുടങ്ങാതെയുള്ള പ്രാർത്ഥന, ദാനധർമ്മങ്ങൾ ചെയ്യുന്നതിലുള്ള ശുഷ്കാന്തി, ഉപവാസം അഥവാ നോയിമ്പുനോക്കൽ, മെക്കയിലേക്കുള്ള തീർത്ഥാടനം എന്നിവയിൽ തങ്ങളുടെ പ്രവാചകൻ പാലിക്കണമെന്ന് നിർദ്ദേശിച്ച മറ്റു കല്പനകളൊക്കെയും പാലിക്കുന്നതിൽ ശുഷ്ക്കാന്തിയുള്ളവരും വളരെ ഭക്തന്മാരുമാണ് നല്ലപങ്കു ഇസ്ലാം മതവിശ്വാസികളും. അതുകൊണ്ട് ദൈവം അവരോട് കരുണ ചെയ്യട്ടെ എന്ന് ഞാനും പ്രാർത്ഥിക്കുന്നു.

ഏകദൈവ വിശ്വാസം യഹൂദമതത്തിലെ പോലെ രൂഢമൂലമായിരിക്കുന്നതിനാൽ ദൈവത്തിന് മക്കൾ ഉണ്ടാകാമെന്ന തത്വം അംഗീകരിക്കുവാനോ ചിന്തിക്കുവാനോ പോലും, മുസ്ലീം സഹോദരന്മാർക്ക് സാധിക്കുന്നില്ല. ഖുറാൻ ദൈവവചനമായി മുസ്ലീംങ്ങൾ വിശ്വസിക്കുന്നു. ആദിയിലെ ഉണ്ടായിരുന്ന ദൈവത്തിന്റെ മനസ്സ് പകർത്തിയതാണ് എന്ന് വിശ്വസിക്കുന്നവരാണ് കൂടുതൽ മുസ്ലീം സഹോദരന്മാരും. ക്രിസ്തു സൃഷ്ടിയല്ല, പിന്നെയോ അനാദിയായ ദൈവത്തിന്റെ മനസ്സ് അഥവാ വചനം ജഡരൂപമെടുത്തതാണ്. ക്രിസ്ത്യാനികൾ ക്രിസ്തുവിനെ ലോഗോസിനോട് ഉപമിക്കുന്നതുപോലെ, ഖുറാനെ ലോഗോസിനോട് ഉപമിക്കുന്ന മുസ്ലീം പണ്ഡിതന്മാരും ഉണ്ട്. ആ നിലയ്ക്ക് ഓരോ മതത്തിലും ഖുറാനും ക്രിസ്തുവും ഡിവൈൻ വിൽ ആയി കരുതുന്നവരുണ്ട്. ഖുറാൻ സൃഷ്ടി അല്ല, ദൈവത്തിനു സമമായി ആദിയിലെ ഉണ്ടായിരുന്നതാണ് എന്ന് ഇസ്ലാമിക പണ്ഡിതന്മാർ വാദിയ്ക്കുമ്പോൾ അതിൽ ഒരു പൊരുത്തക്കേട് ഇല്ലേ? ഏകദൈവവിശ്വാസത്തെ ഇതുമായി എങ്ങനെ പൊരുത്തപ്പെടുത്തും? അപ്പോൾ ആദിയിൽ ദൈവവും ഖുറാനും ഉണ്ടായിരുന്നതായി വരുന്നു. കൂടാതെ ആദിയിൽ ഉണ്ടായിരുന്നു എന്നു പറയുന്ന വിശുദ്ധ ഖുറാൻ ഇന്നു കാണുന്ന ഖുറാനായി പേപ്പറിലും മഷിയിലും മനുഷ്യരുടെ കയ്യിൽ എത്തിയ്ക്കാൻ ദൈവത്തിനു സാധിയ്ക്കുമെങ്കിൽ, എന്തുകൊണ്ട് ആദിയിൽ ഉണ്ടായിരുന്ന ദൈവത്തിന്റെ മനസ്സായ വചനത്തിന് ക്രിസ്തുവായി ജഡരൂപം എടുത്തുകൂടാ? മുസ്ലീം സഹോദരങ്ങൾക്ക് ക്രിസ്തുവിനെയും ക്രിസ്തീയമാർഗ്ഗത്തെയും അംഗീകരിക്കുവാൻ പ്രയാസമായത് അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ ക്രിസ്തുവിനെ അവതരിപ്പിക്കുവാൻ ക്രിസ്ത്യാനികൾക്ക് കഴിയാതെ പോയതുകൊണ്ടാണ്. ആ കുറവു നികത്താനുള്ള ഒരു ശ്രമം കൂടിയാണ് ഈ പുസ്തകം.

ഒരിക്കൽ കൂടി, മനപ്പൂർവ്വം ആരെയും വേദനിപ്പിക്കാനോ, തെറ്റിദ്ധരിപ്പിക്കുവാനോ ഈ പുസ്തകരചയിതാവിന് ഉദ്ദേശമില്ല. ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശശുദ്ധിയും, ആത്മാർത്ഥതയും വായനക്കാർ തന്നെ തീരുമാനിയ്ക്കട്ടെ. ഇതിലെ പ്രമാണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും യാത്ര സുഖകരമാക്കാൻ സഹായിക്കുമെങ്കിൽ ജഗദീശ്വരനോട് ഈ എഴുത്തുകാരനുവേണ്ടി അഭയയാചനകൾ കഴിയ്ക്കുവാനും മറ്റുള്ളവരുമായി ഈ പുസ്തകം പങ്കുവെയ്ക്കുവാനും വിനീതമായി അപേക്ഷിക്കുന്നു.

നൈനാൻ മാത്തുള്ള, ഹൂസ്റ്റൺ, U.S.A

# വായനയ്ക്കുമുമ്പ്

വായനയ്ക്കുമുമ്പ് എന്ന പേരിൽ എം.എം.അക്ബറിന്റെ പുസ്തകത്തിലെ ക്രിസ്ത്യാനികളെ സംബന്ധിച്ചുള്ള പരാമർശനങ്ങൾ സത്യത്തിനു നിരക്കാത്തതും തെറ്റിദ്ധാരണ ജനിപ്പിക്കുന്നതുമാണ്. പ്രവാചകനായ മുഹമ്മദ് മുസ്ളീം വിശ്വാസികളോട് സത്യത്തിന്റെ പാതയിൽ നടക്കുന്നതിൽ ഖുറാൻ വായിക്കുന്നതു കൂടാതെ ബൈബിൾ കൂടി വായിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. (സുറാ 7:145) അതിൽ നിന്നും മുസ്ലീം സഹോദരന്മാരെ പിൻതിരിപ്പിക്കാനും സത്യം അവർ മനസ്സിലാക്കാതിരിക്കാനുമാണോ, പ്രവാചകനായ മുഹമ്മദ് ഉദ്ദേശിച്ച പുസ്തകങ്ങൾ അല്ല ഇന്നുള്ള ബൈബിൾ എന്ന് വാദിക്കുന്നത്? എങ്കിൽ, ശരിയായ പുസ്തകങ്ങൾ ഏതെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ട കടമ ശ്രീ. അക്ബറിനുണ്ട്. തുടർന്നുള്ള അദ്ധ്യായങ്ങളിൽ അതിനെപ്പറ്റി വിശദമായി പ്രതിപാദിയ്ക്കാം.

മുസ്ലീങ്ങളെ ക്രിസ്ത്യാനികളാക്കാൻ വേണ്ടി എഴുതപ്പെട്ട പുസ്തകങ്ങൾ എം.എം.അക്ബർ വായിച്ചെന്നും അതിലെ വാദമുഖങ്ങളെ പരിശോധിച്ചു ഖുറാന്റെ വെളിച്ചത്തിൽ ബൈബിളിനെ പഠനവിധേയമാക്കുകയും ചെയ്യുന്നുവെന്നാണ് അദ്ദേഹം പറയുന്നത്. ഖുറാൻ അതിൽ തന്നെ പൂർണ്ണമാണെങ്കിൽ പ്രവാചകനായ മുഹമ്മദ് ബൈബിൾ മുസ്ലീം സഹോദരങ്ങൾ വായിക്കണമെന്ന് ആവശ്യപ്പെടുകയില്ലായിരുന്നു. അതുകൊണ്ടുതന്നെ ക്രിസ്തുവിലേക്കുള്ള ഒരു ചൂണ്ടുപലക ആയിത്തീരണമെന്നാണ് ഇസ്ലാം മതത്തെപ്പറ്റി ദൈവം ആഗ്രഹിച്ചത് എന്ന് കരുതാം. എം.എം.അക്ബർ വായിച്ചെന്നു പറയുന്ന മുസ്ലീംങ്ങളെ ക്രിസ്ത്യാനികളാക്കാൻ എഴുതിയ പുസ്തകങ്ങൾ ഏതൊക്കെയാണെന്ന് പറയുന്നില്ല. ക്രിസ്ത്യാനികളെപ്പറ്റിയുള്ള തെറ്റായ ധാര

ണകൾകൊണ്ടാണ് ഇത്തരത്തിലുള്ള പ്രസ്താവനകൾ ചെയ്യുവാൻ സംഗതിയാകുന്നത്.

ക്രിസ്തീയ വിശ്വാസമനുസരിച്ച് മനുഷ്യമനസ്സുകളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കൂടാതെ ഒരു വ്യക്തിക്കും മറ്റൊരാളെ ക്രിസ്തീയവിശ്വാസിയാക്കാൻ കഴിയുന്നതല്ല. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഒരു വ്യക്തിയിൽ പ്രവൃത്തിച്ചിട്ടല്ലാതെ ഒരാൾക്ക് ക്രിസ്തു ദൈവപുത്രനാണെന്ന് പറയുവാൻ കഴിയുകയില്ല.( 1 കൊരിന്ത്യർ 12 :3) അതുകൊണ്ട് ആരെയും ക്രിസ്ത്യാനിയാക്കുവാൻ മാനുഷികമായ നിലയിൽ സാദ്ധ്യമല്ല. മതം മാറ്റം എന്നുള്ളത് പ്രചാരണം മാത്രമാണ്. ഏതു പൗരനും തന്റെ മതവിശ്വാസത്തെപ്പറ്റി മറ്റുള്ളവരോട് പറയുവാൻ ഇന്ത്യൻ ഭരണഘടന അവകാശം തരുന്നുണ്ട്. ഖുറാൻ സൂക്തങ്ങളെ സന്ദർഭത്തിൽ നിന്ന് അടർത്തിമാറ്റിയും വളച്ചൊടിച്ചും ആരെങ്കിലും എഴുതിയിട്ടുണ്ടെങ്കിൽ പേരെടുത്തുപറഞ്ഞ് ആ വ്യക്തികളെയും പുസ്തകത്തെയും വായനക്കാർക്ക് പരിചയപ്പെടുത്തണം. വാദി പ്രതിയായെന്നു പറയുന്നതു പോലെ ആരാണ് അടർത്തിമാറ്റുകയും വളച്ചൊടിക്കുകയും ചെയ്തതെന്ന് നാം കാണാൻ പോകുന്ന കാര്യമാണ്. അത് മാന്യവായനക്കാർ തന്നെ തീരുമാനിച്ചു കൊള്ളട്ടെ.

എം.എം.അക്ബർ എഴുതിയ "ബൈബിളിന്റെ ദൈവികത"യുടെ ആദ്യപതിപ്പിനെ മിഷനറിമാർ അസഹിഷ്ണുതയോടുകൂടിയാണ് കണ്ടത് എന്നാണ് ആരോപണം. അസഹിഷ്ണതയിൽ നിന്ന് അവർ എന്തു ചെയ്തു എന്ന് വ്യക്തമാക്കിയിട്ടില്ല. എം.എം.അക്ബറിന് ഒരു മറുപടി പോലും എഴുതുവാൻ കേരളത്തിലെ ഏതെങ്കിലും ക്രിസ്തീയ വിഭാഗം ശ്രമിച്ചതായി അറിയില്ല. എന്നാൽ അതേ പുസ്തകത്തിന്റെ അടുത്ത പതിപ്പ് കൂടുതൽ തെറ്റിദ്ധാരണകളുളവാക്കുന്ന പ്രസ്താവനകളുമായി പുറത്തിറക്കുകയായിരുന്നു. എം.എം.അക്ബർ ചെയ്തത്. വ്യക്തിപരമായ ഏത് ആക്രമണത്തെയും പ്രതിരോധിക്കാതെ ദൈവത്തിനു സമർപ്പിക്കുവാനാണ് ബൈബിൾ ഉപദേശിക്കുന്നത്. (റോമർ 12:14) ഇത് വ്യക്തിപരമായ ഒരു ആക്രമണമല്ല ഒരു സമൂഹത്തിനു നേരെയുള്ള ആക്രമണമായതു കാരണം പ്രതികരിക്കാതെ വയ്യ. യേശുക്രിസ്തുവും തന്നെ വ്യക്തിപരമായി ഉപദ്രവിച്ചവരോടും അധിക്ഷേപിച്ചവരോടും ഒന്നും പകരം ചെയ്യാതെ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു. എന്നാൽ യെരുശലേം ദേവാലയം ശുദ്ധീകരണത്തിനായി ഒരു ചാട്ടവാറുമായി എല്ലാ കള്ളന്മാരെയും കൊള്ള

ക്കാരെയും പുറത്താക്കാൻ യേശുവിനു ഒരു മടിയുമില്ലായിരുന്നു.

മുസ്ലീങ്ങളോട് ക്രിസ്ത്യൻ മിഷനറിമാർ അസഹിഷ്ണുതകാണിച്ചെന്നും വഞ്ചനാത്മകമായ മാർഗ്ഗങ്ങളുപയോഗിച്ച് മതപ്രചാരണം നടത്തിയെന്നുമാണ് ആരോപണം ഉന്നയിക്കുന്നതെങ്കിലും എന്തടിസ്ഥാനത്തിലാണ് ഈ ആരോപണങ്ങൾ എന്ന് വ്യക്തമാക്കുന്നില്ല. മാന്യ വായനക്കാർ തന്നെ ഈ പുസ്തകം വായിച്ച് ഇതിലടങ്ങിയിരിക്കുന്ന കാര്യങ്ങൾ എം.എം.അക്ബർ ആരോപിക്കുന്ന രീതിയിലാണോയെന്ന് തീരുമാനിച്ചുകൊള്ളട്ടെ. അസഹിഷ്ണതയുടെ കാര്യത്തിൽ ചരിത്ര വിദ്യാർത്ഥികൾ ഈ ആരോപണം സമ്മതിച്ചുതരികയില്ല. ചരിത്രം പഠിച്ചാൽ പല മദ്ധ്യപൂർവ്വേഷ്യയിലെ മുസ്ലീ രാജ്യങ്ങളിലെ ഭരണാധിപന്മാർ എത്രമാത്രം അസഹിഷ്ണുതയോടു കൂടിയാണ് മറ്റു മതങ്ങളെ കണ്ടതും അവരോടു പെരുമാറിയിട്ടുള്ളതും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതും എന്നതിന് ചരിത്രവും പത്രവാർത്തകളും സാക്ഷിയാണ്. ഈജിപ്ത്, സൗദിഅറേബ്യ മുതലായ രാജ്യങ്ങളിൽ ക്രിസ്ത്യാനികളോട് കാണിക്കുന്ന വിവേചനം ലോകപ്രസിദ്ധമാണ്. അവിടെ പുതുതായി ഒരാൾക്ക് മതത്തിലേക്ക് ചേരാനോ, ഒരു പുതിയ പള്ളി പണിയുന്നതിനോ ഉള്ള സ്വാതന്ത്ര്യം ഇല്ല. ഉള്ള പള്ളികൾ അറ്റകുറ്റപ്പണികൾ തീർത്തു പുതുക്കി പണിയണമെങ്കിൽ പോലും ഗവൺമെന്റിന്റെ അനുവാദം വാങ്ങിയിരിക്കണം. 90% ക്രിസ്ത്യാനികൾ ആയിരുന്ന ഭൂവിഭാഗങ്ങളിൽ എങ്ങനെയാണ് ഇന്ന് രണ്ടു ശതമാനം പോലും ക്രിസ്ത്യാനികൾ ഇല്ലാതായത്. സ്ഥിതിവിവരക്കണക്കുകൾ സത്യം പുറത്തുകൊണ്ടുവരുന്നതിന് വായനക്കാരെ സഹായിക്കുമെന്നു കരുതുന്നു. കേരളത്തിൽ പോലും ഈ അടുത്തകാലത്ത് ചിൽപാലവാദം എന്ന പേരിൽ വളരെയധികം കോലാഹലം സൃഷ്ടിച്ചതായ സംഭവത്തിൽ ഈ അസഹിഷ്ണത പരക്കെ എല്ലാവരും അറിഞ്ഞതുമാണ്. ഭൂരിപക്ഷം മുസ്ലീം സഹോദരി സഹോദരന്മാരും ദൈവത്തെ ഭയപ്പെട്ട് ഇസ്ലാം അഥവാ സമാധാനം എന്ന പേര് അന്വർത്ഥമാക്കത്തക്കവണ്ണം മറ്റുമതങ്ങളുമായി സമാധാനത്തിൽ കഴിയുന്നവരാണ്. എന്നാൽ ചില നേതാക്കന്മാർ സ്വാർത്ഥ താൽപര്യത്തിനുവേണ്ടി ചിലരെ ഇളക്കിവിടുകയും അക്രമാസക്തമായി നിയമം കൈകളിലെടുക്കാനും കൈവെട്ടിക്കളയാനും വരെ തുനിഞ്ഞു എന്നുള്ളത് പരമാർത്ഥമാണ്. മുസ്ലീങ്ങൾ വായിക്കണമെന്ന് പ്രവാചകനായ മുഹമ്മദ് നിർദ്ദേശിച്ച ബൈബിൾ പറയുന്നത് ശത്രുക്കളെ സ്നേഹിക്കണമെന്നാണ്. (മത്തായി 5: 43-45) അതിനു കഴിവില്ല എങ്കിൽ, പഴ

യപ്രമാണം, പല്ലിനു പകരം പല്ല് കണ്ണിനു പകരം കണ്ണ്; അതായത് ആരെങ്കിലും പല്ലിനു കേടുവരുത്തുകയാണെങ്കിൽ കേടുവരുത്തിയ ആളിന്റെ പല്ലിനു കേടുവരുത്താം. അതല്ല കണ്ണാണെങ്കിൽ കണ്ണിനു കേടുവരുത്താമെന്നല്ലാതെ ആ വ്യക്തിക്ക് അതിൽ കൂടിയ ഒരു ശിക്ഷയോ ആളിന്റെ ജീവനോ എടുക്കുന്നതിന് ഒരു അവകാശവുമില്ല. തോറയും ശത്രുക്കളെ സ്നേഹിക്കാനാണ് പറയുന്നത്. (ലേവ്യ 19:18, പുറപ്പാട് 23:43, 1 ശമു.24:5, ഇയ്യോബ് 31:29, സങ്കീ. 7:4, സദൃശ. 24:17, 19,സദൃശ.25:21)

ആരെങ്കിലും മുസ്ലീം സമുദായത്തെയോ പ്രവാചകനെയോ ബഹുമാനമില്ലാത്തരീതിയിൽ എഴുതിയെങ്കിൽ അതിലെ തെറ്റ് ചൂണ്ടിക്കാണിച്ച് മറുപടി എഴുതുകയോ കൂടിയപക്ഷം അതുപോലെ തിരിച്ചും ഒന്നെഴുതാനോ ഉള്ള അവകാശമേ പഴയനിയമം തരുന്നുള്ളൂ. പുതിയ നിയമത്തിൽ (ഇൻജിൽ) വ്യക്തിപരമായ ഹാനിയാണെങ്കിൽ സഹിക്കാനും ക്ഷമിക്കാനുമാണ് യേശുക്രിസ്തു ഉപദേശിക്കുന്നത്. ഇത് മുസ്ലീങ്ങളും വായിച്ച് മനസ്സിലാക്കണമെന്നാണ് പ്രവാചകനായ മുഹമ്മദ് പറയുന്നത്. വ്യക്തിപരമായ ആക്രമണമാണെങ്കിൽ സഹിക്കാനും ക്ഷമിക്കാനും ക്രിസ്തു ഉപദേശിക്കുന്നു എങ്കിൽ കണ്ടുനിൽക്കുന്നവരിൽ നീതിബോധമുള്ളവർക്ക് വേണ്ട വിധത്തിൽ പ്രതികരിക്കാനുള്ള അവകാശവും അതു നിഷേധിക്കുന്നില്ല. മൂഢൻ തന്റെ മൂഢതകൊണ്ട് തല്ലു വിളിച്ചു വരുത്തുകയാണെന്നാണ് ബൈബിൾ പറയുന്നത്. അതുപോലെ മൂഢനു തനിക്കുതന്നെ ജ്ഞാനിയെന്നു തോന്നാതിരിക്കേണ്ടതിന് അവന്റെ മൂഢതക്കൊത്തവണ്ണം അവനോട് പ്രതികരിക്കേണമെന്നു ബൈബിൾ പറയുന്നു. (സദൃശ. 26 : 4–5)

പ്രവാചകനായ മുഹമ്മദ് മുസ്ലീങ്ങളോട് വായിക്കണമെന്ന് നിർദ്ദേശിച്ചതായ തൗറത്തും ഇൻജിലും ഇന്നു നിലവിലുള്ള തൗറത്തും ഇൻജിലുമല്ല എന്ന മുടന്തൻ ന്യായം ഉന്നയിച്ച് ജനങ്ങൾ അതു വായിക്കുന്നതിനെ തടഞ്ഞിരിക്കുകയാണ്. പ്രവാചകനായ മുഹമ്മദ് എഴുത്തും വായനയും അറിയാൻ വയ്യാത്ത വ്യക്തിയായിരുന്നു. പറഞ്ഞുകൊടുത്ത കാര്യങ്ങൾ പ്രവചകന്റെ മരണശേഷം അതു കേട്ടവരെ വിളിച്ചുവരുത്തി അവരുടെ ഓർമ്മയിൽ നിന്ന് എഴുതിപ്പിക്കുകയും അന്നുവരെ എഴുതിവച്ചിരുന്ന സുറാകളും ചേർത്ത് ക്രോഡീകരിച്ചതാണ് ഖുറാൻ എന്നാണ് പാരമ്പര്യവും ചരിത്രവും പറയുന്നത്.

എന്നാൽ പ്രവാചകനായ മുഹമ്മദിന്റെ മരണശേഷം ഹദിസുകൾ

എന്നുപറയുന്ന ഗ്രന്ഥങ്ങൾ എഴുതിയുണ്ടാക്കുകയും (അതിലെ നല്ല ഭാഗവും ഖുറാനിലില്ലാത്തവയാണ്) സാമ്രാജ്യങ്ങൾ കെട്ടിപ്പടുത്തിയവർക്ക്, ഖുറാൻ പല സമുദായിക രാഷ്ട്രീയ പ്രശ്നങ്ങളും പരിഹരിക്കാൻ പര്യാപ്തമല്ല എന്നുവന്നപ്പോൾ, പ്രവാചകന്റെ നടപടിക്രമങ്ങൾ, പാരമ്പര്യങ്ങളായി, പ്രവാചകൻ ചെയ്യുന്നതായി ഹദിസ് എഴുതിയുണ്ടാക്കുകയാണ് ചെയ്തതെന്ന് ചിന്തിക്കുന്ന ചരിത്രകാരന്മാരുണ്ട്. പ്രവാചകന്റെ മരണശേഷം 150-200 വർഷങ്ങൾക്കുശേഷമാണ് ഹാദിസുകൾ ക്രോഡീകരിക്കുന്നത്. മനുഷ്യനായാൽ തെറ്റുപറ്റുമെന്ന് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. ഹദിസ് ക്രോഡീകരിച്ചതിൽ പ്രവാചകൻ അറിയാത്ത വാക്കുകൾ, ആശയങ്ങൾ, സന്ദേശങ്ങൾ ആദിയായവ പിന്നീടുവന്ന ഭരണകർത്താക്കൾ മുൻകൈയെടുത്ത് അവരുടെ സ്വാർത്ഥതാൽപര്യത്തിനായി എഴുതിച്ചേർത്തില്ല എന്ന് ആർക്കെങ്കിലും തീർത്തുപറയാമോ?. ഇങ്ങനെ ചെയ്യുന്നവരെ ഉദ്ദേശിച്ചുകൂടിയല്ലേ പ്രവാചകനായ മുഹമ്മദ് മതഗ്രന്ഥങ്ങൾ മാറ്റിയെഴുതുന്നവരെപ്പറ്റി മുന്നറിയിപ്പു തരുന്നത്. ഇതു വരാതെയിരിക്കാൻ വേണ്ടിയല്ലേ മുസ്ലീങ്ങൾ ബൈബിൾ വായിക്കണമെന്ന് പ്രവാചകൻ നിർദ്ദേശിക്കുന്നത്.

ഖാലിഫ് ആയിരുന്നു അബുബക്കർ ഖുറാൻ പൂർത്തിയാക്കുമ്പോൾ പ്രവാചകനായ മുഹമ്മദ് മരിച്ചുകഴിഞ്ഞിരുന്നു. അതിലെ വിവരങ്ങൾ താൻ പറഞ്ഞതു തന്നെയാണോ എന്ന് തീർപ്പുവരുത്തുന്നതിനു അദ്ദേഹം ഇല്ലാതെപോയി. എന്നാൽ വിശുദ്ധവേദപുസ്തകത്തിന്റെ കാര്യത്തിൽ ഇതല്ല സംഭവിച്ചത്. പരിശുദ്ധാത്മ നിയോഗം പ്രാപിച്ച നാല്പതിലധികം പ്രവാചകന്മാർ 1600 വർഷത്തിനുള്ളിൽ എഴുതി ബൈബിളിന്റെ വിശ്വാസീയത അതു ക്രോഡീകരിച്ചവർ ഉറപ്പ് (confirm) വരുത്തിയതിനുശേഷമാണ് ബൈബിൾ ഇന്നത്തെ രൂപത്തിൽ നമുക്കു ലഭിച്ചിരിക്കുന്നത്. ഖുറാന്റെ ക്രോഡീകരണത്തിൽ സമ്രാജ്യത്തിൽ നിലവിലിരുന്നതായ ഖുറാന്റെ പല കൈയ്യെഴുത്തു പ്രതികൾ ഉണ്ടായിരുന്നത് നശിപ്പിച്ചുകളയുകയും ഒരെണ്ണം മാത്രം സൂക്ഷിക്കുകയും ചെയ്തായി ചരിത്രം പറയുന്നു. (Bukhari sahhih al Bukhari 6 : 61 : 510) എന്നാൽ ബൈബിൾ പുസ്തകങ്ങളുടെ കൈയ്യെഴുത്തു പ്രതികൾ തമ്മിൽ വിഭജിച്ചിരിക്കുന്ന പല ക്രിസ്ത്യൻ വിഭാഗങ്ങളുടെയും കൈവശമായി ചിതറിക്കിടക്കുന്നതിനാൽ അതിൽ മാറ്റങ്ങൾ വരുത്തുക പ്രായോഗികമല്ല. ഇങ്ങനെയുള്ള പല കൈയെഴുത്തു പ്രതികൾ സമാഹരിച്ച് വിശുദ്ധ പിതാക്കന്മാർ പഠിച്ചതിനു ശേഷമാണ് ഇന്നു

കാണുന്ന രൂപത്തിൽ വിശുദ്ധവേദപുസ്തകം ക്രോഡീകരിക്കപ്പെട്ടിരിക്കുന്നത്.

യേശുക്രിസ്തു തന്റെ ഐഹിക ജീവിതകാലത്ത് ഒന്നും എഴുതിവച്ചതായി ശിഷ്യന്മാരോ ചരിത്രകാരന്മാരോ പറയുന്നില്ല. യേശു തന്നെ പറയുന്നത് പരിശുദ്ധാത്മാവു വരുമ്പോൾ നിങ്ങളെ സകല സത്യത്തിലും വഴിനടത്തുമെന്നാണ്. (യോഹന്നാൻ 14: 26, 16: 13) ആ പരിശുദ്ധാത്മാവാണ് വേദപുസ്തകം ഇന്നു കാണുന്ന രീതിയിൽ ജനങ്ങൾക്കു മാർഗ്ഗനിർദ്ദേശത്തിനായി ലഭിക്കുന്നതിന് വിവിധ എഴുത്തുകാരിൽ കൂടി സംഗതിയാക്കിയത്.

എം.എം. അക്ബർ എഴുതിയ പുസ്തകത്തിനു മറുപടിയായി ക്രിസ്തുമതത്തെ പ്രതിരോധിക്കാൻ ചിലർ സംഘടനകളുണ്ടാക്കിയതായി അദ്ദേഹം പറയുന്നു. ഈ സംഘടനകൾ ഏതാണെന്ന് അറിഞ്ഞാൽ കൊള്ളാം. ഇങ്ങനെയുള്ള സംഘടനകളുടെ തണലില്ല ക്രിസ്തുമതം വളർന്നതും കൊടും പീഢനങ്ങളെ അതിജീവിച്ചതെന്നും ചരിത്ര സത്യമാണ്. യേശുക്രിസ്തു പറയുന്നത് ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നാണ്. ( മത്തായി 16 :18) ചരിത്രം പഠിച്ചാൽ അത് അങ്ങനെ തന്നെ സംഭവിച്ചു എന്നു കാണാൻ സാധിക്കും. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ദൈവത്തിന്റെ പദ്ധതിയനുസരിച്ച (അബ്രാഹാമിനോട് ഇസ്മായേലിനെപ്പറ്റി ഞാൻ അവനെയും വലിയ ഒരു ജാതിയാക്കും എന്ന പ്രവചനത്തിന്റെ നിവൃത്തി) സഭക്ക് ചില ക്ഷീണം സംഭവിച്ചോ എന്ന സംശയം തോന്നിക്കാമെങ്കിലും ആത്യന്തികമായി സഭയുടെ സംരക്ഷകൻ ദൈവമാണ്. ദൈവം അത് വേണ്ടരീതിയിൽ ചെയ്തിട്ടുണ്ട്. ചെയ്തുകൊള്ളും. ദൈവം പ്രവർത്തിക്കുന്നത് മനുഷ്യരിൽ കൂടിയാണെന്നുള്ള സത്യവും മറച്ചുവെക്കുന്നില്ല. എ.എം. അക്ബറിന് മറുപടിയായി എഴുതിയ പുസ്തകം മാന്യതയുടെ അതിർവരമ്പു ലംഘിച്ചുവെന്നാരോപിക്കുമ്പോൾ അതു ഏതു പുസ്തകമാണെന്ന് പറയാൻ വിസമ്മതിക്കുന്നു. അതെന്തുമാവട്ടെ എ.എം. അക്ബർ എഴുതിയ പുസ്തകം മാന്യതയുടെ അതിർവരമ്പുകൾ ലംഘിച്ചിട്ടുണ്ടോ എന്ന് മാന്യവായനക്കാർ തന്നെ തീരുമാനിക്കട്ടെ.

എന്നാൽ പ്രവാചകനായ മുഹമ്മദിനെപ്പറ്റിയുള്ള ഈ എഴുത്തുകാരനുള്ള അഭിപ്രായം കൂടി കുറിച്ചുകൊള്ളട്ടെ. മുഹമ്മദ് മുസ്ലിങ്ങൾക്കു വേണ്ടിയുള്ള ദൈവത്തിന്റെ പ്രവാചകനായിരുന്നു. പ്രവാചകൻ ഖുറാ

നായി പറഞ്ഞുകൊടുത്ത വാക്കുകൾ ദൈവത്തിൽ നിന്നുള്ളതും ഒരു വ്യക്തി മുസ്ലിം ആയിരിക്കുന്നിടത്തോളം കാലം പാലിക്കാൻ ബാദ്ധ്യസ്ഥനുമാണ്.

മറ്റു ഏതു മതഗ്രന്ഥങ്ങളിലും കയറിക്കൂടിയിട്ടുള്ളതും പകർത്തിയെഴുതിയതിലുള്ളതും, കാലപ്പഴക്കം കൊണ്ടും ഭാഷാ ശൈലികളുടെ പ്രയോഗത്തിലും വ്യാഖ്യാനത്തിലും വന്ന ചെറിയ കുറവുകൾ അവിടെയും ഇവിടെയും ഉള്ളതുപോലെ ഖുറാനിലും ഉണ്ടെന്നുള്ള വീക്ഷണങ്ങളും നിലവിലുണ്ട് എന്ന കാര്യവും മറച്ചുവെക്കുന്നില്ല.

കാരണമില്ലാതെ കാര്യമുണ്ടാവുകയില്ല എന്ന തത്വത്തിൽ ദൈവം കാരണമില്ലാതെ പ്രവാചകൻ എന്ന മഹനീയ പദവിയിലേക്ക് ഒരു വ്യക്തിയെ ഉയർത്തുകയില്ല. ഇന്നും ലോകമെല്ലാം ജനങ്ങൾ ആദരിക്കുന്ന ദൈവത്തിന്റെ പ്രവാചകനാണ് മുഹമ്മദ്.

ചെറുപ്പം മുതൽ തന്നെ മുഹമ്മദ് (ജനിച്ചപ്പോഴെത്തെ പേര് വ്യത്യസ്തമായിരുന്നു) വളരെ കരുണാവിവശനും അനുകമ്പയും ആർദ്രതയും ഉള്ള വ്യക്തിയായിരുന്നു. ഖദീജയുടെ സമ്പത്തിൽ കൂടി സമ്പന്നനായി തീർന്ന ശേഷവും ഈ സ്വഭാവത്തിന് മാറ്റം വന്നില്ല. താൻ ജനിച്ചുവളർന്ന നഗരത്തിലെ ലോകസ്നേഹവും പണക്കാരും പാവപ്പെട്ടവരും തമ്മിലുള്ള വിടവും അദ്ദേഹത്തെ അസ്വസ്ഥനാക്കിയിരുന്നു. ചില മോഷ്ടാക്കൾ നാശം വരുത്തിയതായ നഗരത്തിലുള്ള കാബാ പ്രതിഷ്ഠിച്ചിരുന്നതായ ക്ഷേത്രത്തിന്റെ മതിലുകൾ പുതുക്കി പണിയുന്നതിൽ ഖദീജയിൽ നിന്നും ലഭിച്ചതായ സമ്പത്ത് ഉപയോഗിക്കുന്നതായി കാണുന്നു. വർഷത്തിൽ ഒരു മാസം സാധുക്കളുടെ പരിപോഷണത്തിനും ഉന്നമനത്തിനും ചിലവഴിച്ചിരുന്നതായി കാണുന്നു. എ.ഡി. 610–ൽ ഈ സേവനത്തിന്റെ വ്യാപൃതനായിരിക്കുന്ന മാസമാണ് അദ്ദേഹത്തിന് ഗബ്രിയേൽ ദുതൻ പ്രത്യക്ഷപ്പെടുന്നത്.

പ്രവാചകനായ മുഹമ്മദിനെപ്പറ്റി ആദരവില്ലാതെ പലരും പലതും എഴുതുകയും പറയുകയും ചെയ്തതായി കേട്ടിട്ടുണ്ട്. കേട്ടതൊക്കെ ശരിയാണോ എന്നു തീർച്ചവരുത്താതെ മറ്റുള്ളവരോട് പങ്കുവയ്ക്കുന്നത് ശരിയല്ല. ബലഹീനതകളില്ലാത്ത മനുഷ്യരില്ലല്ലോ. ദൈവം പ്രവാചകനായി വിളിച്ച വ്യക്തിയെ വിമർശിക്കാൻ ശങ്കിക്കാത്തതെന്താണെന്ന് മോശയോടുള്ള വിഷയത്തിൽ മിരിയാമിനോടു ദൈവം ചോദിക്കുന്നത്. അതുകൊണ്ട് പ്രവാചകനായ മുഹമ്മദിനെയോ ഖുറാനെ

പ്പറ്റിയോ ആദരവില്ലാതെ സംസാരിക്കുന്നത് വിവേകശൂന്യതയാണ്.

എം.എം. അക്ബർ ഇതുപോലെയൊരു പുസ്തകം എഴുതിയതുകൊണ്ടാണ് ഈ എഴുത്തുകാരനും അതിലെ തെറ്റിദ്ധാരണകൾ നീക്കുവാനും അടിസ്ഥാനമില്ലാത്ത ആരോപണങ്ങളുടെ സത്യാവസ്ഥ പുറത്തു കൊണ്ടുവരാനും ജനങ്ങളെ കാര്യങ്ങളുടെ നിജസ്ഥിതി പറഞ്ഞു മനസ്സിലാക്കുന്നതിനും ഒരു അവസരം ലഭിച്ചത്. അതുകൊണ്ട് എം.എം അക്ബറിന് ഇതിനുള്ള പങ്കിൽ നന്ദി പറയുകയും പരോക്ഷമായി താൻ ചെയ്ത പ്രയത്നത്തിന് സ്വർഗ്ഗത്തിലെ ദൈവം പ്രതിഫലം നൽകി ആദരിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ടി.വി സംവാദം പലപ്പോഴും 'മീഡിയ സർക്കസ്സു'കളായി തീരാറുള്ളതു കാരണം അക്ബറിനോ മറ്റാർക്കെങ്കിലുമോ സംശയമുള്ള വിഷയങ്ങൾ എഴുതി അറിയിച്ചാൽ പത്രമാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കത്തക്ക വിധത്തിൽ മറുപടി തരുന്നതോ, പുസ്തകത്തിന്റെ അടുത്ത പതിപ്പിൽ ചേർക്കുന്നതോ ആയിരിക്കും.

●

# അദ്ധ്യായം 1

## ബൈബിൾഎന്താണ് ?

ബൈബിൾ എന്താണെന്ന് ജനങ്ങളെ പറഞ്ഞു മനസ്സിലാക്കേണ്ടുന്ന ചുമതല അതു ഏൽപ്പിച്ചുകൊടുത്തിരിക്കുന്ന ക്രിസ്തീയ സഭയുടെ ഉത്തരവാദിത്വത്തിൽ പെട്ടതാണ്.  ബൈബിളിന്റെയും ക്രൈസ്തവ സഭയുടെയും അഭ്യുദയകാംക്ഷികളല്ലാത്തവർക്ക് ആ അവകാശം കൊടുത്തിട്ടില്ല. അവർക്കും എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ ചോദിക്കാമെന്നേയുള്ളൂ. ബൈബിൾ എല്ലാവർക്കും വായിച്ചു മനസ്സിലാക്കാനുള്ളതാണെങ്കിലും അതിൽ വിശ്വസിക്കാത്തവർ അതിലെ വാക്യങ്ങൾ എടുത്ത് തങ്ങളുടെ സ്വാർത്ഥതാൽപര്യങ്ങൾക്കായി ഉപയോഗിക്കാൻ അനുവാദമില്ല. ബൈബിളിനെ വിശ്വസിക്കാത്തവർ, അതിലെ വാക്യങ്ങളെടുത്ത് കൈകാര്യം ചെയ്യുമ്പോൾ ദൈവം അവരോടു ചോദിക്കുന്നത് “എന്റെ വചനങ്ങളെ നിന്റെ വായിൽ എടുക്കാൻ നിനക്കെന്തു കാര്യം” എന്നാണ്. (സങ്കീർത്തനം 50:16)

നല്ല ഉദ്ദേശത്തോടുകൂടിയല്ല ഈ കാര്യംചെയ്യുന്നതെങ്കിൽ പറയുന്ന കാര്യങ്ങളുടെ വിശ്വാസീയത നഷ്ടപ്പെട്ടുകഴിഞ്ഞു. ബൈബിൾ ക്രോഡീകരണത്തിന്റെ പാരമ്പര്യത്തിലേക്കും ചരിത്ര പശ്ചാത്തലത്തിലേക്കും കടന്നിട്ട് ‘ബിബ്ലിയ’ എന്ന ഗ്രീക്ക്/ലാറ്റിൻ പദത്തിൽ നിന്നാണ് ബൈബിൾ എന്ന പദം രൂപം കൊണ്ടതെന്നും, ആ പദത്തിന്റെ അർത്ഥം ‘പുസ്തകം’ അഥവാ പുസ്തകങ്ങൾ എന്നാണെന്നും അതുകൊണ്ട് ബൈബിളിനെ എം.എം. അക്ബർ ലൈബ്രറിയോടുമാണ് ഉപമിച്ചിരിക്കുന്നത്. ചില പ്രസ്താവനകൾക്ക് മറുപടി അർഹിക്കുന്നില്ല. ഒരു ഗ്രന്ഥമെന്നതിനെക്കാൾ കുറെ പുസ്തകങ്ങളുടെ സമുച്ചയമാണിതെന്നാണ് എം.എം. അക്ബറിന് മനസ്സിലായത്. ഈ അറിവിനപ്പുറമായി അതിൽ ദൈവത്തിന്റെ കരങ്ങൾ ചലിച്ചിരിക്കുന്നത്, മനു

ഷ്യവർഗ്ഗത്തിന് മോക്ഷത്തിന്റെ വ്യക്തമായ മാർഗ്ഗം അതിൽ ഒരുക്കിയിരിക്കുന്നത്, ചരിത്രത്തിൽ ദൈവം മനുഷ്യരോട് ഇടപെട്ടത്, ഇനിയും ഭാവിയിൽ മനുഷ്യനോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ പദ്ധതികൾ, ഇതൊക്കെ ഗ്രഹിക്കണമെങ്കിൽ ദൈവകൃപയും ആ ദൈവകൃപക്കടിസ്ഥാനമായ താഴ്മയും ജീവിതത്തിൽ ഉണ്ടെങ്കിലേ സാദ്ധ്യമാവുകയുള്ളൂ. അതല്ല എങ്കിൽ അന്ധന്മാർ ആനയെ തൊട്ടിട്ട് വിവരിക്കുന്നതുപോലെയിരിക്കും.

ബൈബിൾ ദൈവികമാണെന്നും അതു നൽകുന്ന വിവരങ്ങൾ കുറ്റമറ്റതാണെന്നും പറയുമ്പോൾ തർക്കങ്ങളും വാഗ്വാദങ്ങളും ഉണ്ടാകുന്നത് ബൈബിളിലെ സത്യങ്ങൾ മനസ്സിലാക്കാൻ ദൈവം കണ്ണുതുറന്നിട്ടില്ലാത്തവർക്കു മാത്രമാണ്. ജീവിതത്തിൽ അല്പം താഴ്മയും വിനയവും പകർത്തുമെങ്കിൽ ദൈവം അവരുടെ കണ്ണുതുറക്കുകയും ദൈവം ഒരുക്കിയിരിക്കുന്ന രക്ഷാപദ്ധതിയിലേക്ക് അവരെയും സ്വാഗതം ചെയ്യുമെന്നതിൽ സംശയം വേണ്ട. ബൈബിളിനെപ്പറ്റി പൊതു ജനങ്ങളുടെ ഇടയിൽ അവരവരുടെ അറിവും ധാരണയുമനുസരിച്ച് പല വീക്ഷണങ്ങളുമുണ്ട്. വീക്ഷണങ്ങൾ മാറിക്കൊണ്ടിരിക്കുമെങ്കിലും ബൈബിളിന്റെ സത്യാവസ്ഥക്ക് മാറ്റമുണ്ടാവുകയില്ല. മനുഷ്യർക്ക് അതിനെപ്പറ്റിയുള്ള ധാരണകൾ മാറിമറിഞ്ഞുകൊണ്ടിരുന്നെന്നിരിക്കും. മനുഷ്യരുടെ അറിവിനനുസിരിച്ചു അതിനെ ശരിയായ രീതിയിലോ തെറ്റായ രീതിയിലോ ധരിക്കാം. ചിലപ്പോൾ സഭയുടെ തന്നെ നേതൃസ്ഥാനത്തിരിക്കുന്നവർക്ക് താഴ്മയുടെയും വിനയത്തിന്റെയും സ്ഥാനത്ത് അഹങ്കാരം ഉള്ളിൽ കടക്കുന്നതുകൊണ്ട് ബൈബിളിനെ തെറ്റായ രീതിയിൽ ധരിച്ചെന്നിരിക്കും. ലോകചരിത്രത്തിന്റെ ഇരുട്ടു പരത്തിയ ഇൻക്വിസിസിനും, ഗലീലിയോയോട് പ്രതികരിച്ചതുമെല്ലാം ഈ തെറ്റിദ്ധാരണകൾ മൂലം ഉണ്ടായിട്ടുള്ളതാണ്. പണ്ഢിതനായാലും പാമരനായാലും അഹങ്കരിച്ചാൽ, തെറ്റിൽ ചെന്നു ചാടും. ചരിത്രം അതു വരും തലമുറയ്ക്കുവേണ്ടി എഴുതിവെക്കും.

## പുതിയ ഗവേഷണങ്ങൾ

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം നടന്ന ഗവേഷണങ്ങൾ ബൈബിളിന്റെ ദൈവനിവേശിതത്തെ സംബന്ധിച്ച കാഴ്ചപ്പാടുകളെ സാരമായി ബാധിച്ചു എന്നാണ് അക്ബർ കണ്ടുപിടിച്ചിരിക്കുന്നത്. ബൈബിളിനെ ദൈവനിവേശിതമായി വിശ്വസിക്കുന്നതവർ ആദിമുതൽക്കേ ഉണ്ട്. അതുപോലെ അതു വിശ്വസിക്കാത്ത ഒരു വിഭാഗവും

എന്നും ഉണ്ടായിരുന്നു. ഒരു വിഷയത്തിന്റെ ശരിയോ തെറ്റോ തീരുമാനിക്കേണ്ടത് ഭൂരിപക്ഷ ന്യൂനപക്ഷ ശരിയനുസരിച്ചല്ലല്ലോ? ഭാവിയിലും ഈ കണക്കുകൾ മാറി മറഞ്ഞുകൊണ്ടിരിക്കും. യോശുവ പറഞ്ഞതുപോലെ "ഞാനും എന്റെ കുടുംബവും ഞങ്ങൾ യഹോവയെ സേവിക്കും".(യോശുവ 24:15) മറ്റുള്ളവരുടെ കാര്യം ചിലപ്പോൾ എനിക്കു നിയന്ത്രിക്കാൻ സാധിച്ചെന്നു വരില്ല. എനിക്ക് എന്നെത്തന്നെ സൂക്ഷിക്കുക മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഗവേഷണ ഫലങ്ങൾ മാറിമറിഞ്ഞുകൊണ്ടിരിക്കും.

ഗവേഷണത്തിന്റെ രീതികളെപ്പറ്റി ലേശമെങ്കിലും പരിചയമുണ്ടെങ്കിൽ ഗവേഷണത്തിൽ എത്രമാത്രം തെറ്റുകൾ കടന്നുകൂടാമെന്ന് ബോദ്ധ്യമാകും. സ്ഥാപിത താല്പര്യക്കാരും നിരീശ്വരവാദികളും ഗവേഷണം നടത്തുകയും പലതും എഴുതുകയും ചെയ്യുക പതിവാണ്. ഗവേഷണ റിപ്പോർട്ടിലെ മഷി ഉണങ്ങുന്നതിനു മുമ്പ് മറ്റൊരാൾ വേറൊരു ഗവേഷണഫലം പ്രസിദ്ധം ചെയ്തെന്നു വരാം. അതുകൊണ്ടൊന്നും സത്യം സത്യമല്ലാതാകുന്നില്ല. പഠനം നടത്തിയവരെല്ലാം വന്നെത്തിയ നിഗമനം ഒന്നാണെന്നുള്ള പ്രസ്താവന സത്യത്തെ വളച്ചൊടിക്കുകയാണ്. ഒരു മുസ്ലീം മത നേതാവെന്ന നിലക്ക് എം.എം. അക്ബറിന്റെ പ്രസ്താവനയെ വായനക്കാർ അതിലെ സ്ഥാപിത താല്പര്യങ്ങൾ കണക്കിലെടുത്ത് പുച്ഛിച്ചു തള്ളുകയേയുള്ളൂ. ഒരു വിഷയത്തിന്റെ ഒരു വശം മാത്രം കാണുകയും അതിന് എതിരായ തെളിവുകൾ കണ്ടില്ല എന്നു നടിക്കുന്നതും ശരിയായ പണ്ഡിതന്മാർക്ക് ചേർന്നതല്ല. "Lee strobel" എഴുതിയ 'The Case For Christ' എന്നഗ്രന്ഥം വായിച്ചു മനസ്സിലാക്കുന്നത് നന്നായിരിക്കും.റെയ്മൺഡ് ഇ. ബൗണിനെ ഉദ്ധരിച്ചുകൊണ്ട് ബൈബിളിലെ ഓരോവാക്കും മനുഷ്യകരങ്ങൾകൊണ്ട് എഴുതപ്പെട്ടതാണെന്ന് എം.എം. അക്ബർ കണ്ടുപിടിച്ചിരിക്കുന്നു. അത് അങ്ങനെതന്നെയാണ് എന്നതിന് സംശയമൊന്നുമില്ല. അത് മനസ്സിലാക്കുവാൻ റെയ്മൺഡ് ഇ ബൗണിനെയോ എം.എം. അക്ബറിന്റെയോ സഹായം ആവശ്യമില്ല. ഒരു ക്രിസ്തീയവിഭാഗവും അങ്ങനെയല്ല എന്നു പഠിപ്പിക്കുന്നതായി അറിയില്ല. എ. എം. അക്ബർ പിന്നീടു സമ്മതിക്കുന്നതുപോലെ ദൈവത്തിന്റെ നിർദ്ദേശം മനുഷ്യന്റെ കരങ്ങളിലൂടെ നമ്മിൽ എത്തിച്ചേർന്നു എന്നതിൽ അഭിപ്രായവ്യത്യാസം ഇല്ല. ഇതിനതീതമായ ഏതെങ്കിലും മത വിഭാഗമോ മതഗ്രന്ഥങ്ങളോ ഇന്നു നിലവിലുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ നന്നായിരിയ്ക്കും.

വേദപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ പരിശുദ്ധാത്മ പ്രേരണയാൽ മനുഷ്യരിൽ ദൈവം ഇടപെട്ടതു മൂലം ഉളവായതാണ്. മാനുഷിക ബലഹീനതയിൽ തികഞ്ഞുവരുന്ന അത്യന്തശക്തി വിഷയത്തെ ആസകലം അഭിഷേകം ചെയ്യുമ്പോൾ അവിടെയും ഇവിടെയും ചെറിയ പോരായ്മകൾ എന്നു ചിലർക്കു തോന്നിയേക്കാവുന്ന വാക്കുകൾ ചൂണ്ടിക്കാണിക്കുവാൻ സാധിച്ചെന്നുവരികിലും ദൈവികപരിജ്ഞാനം അതിനെയെല്ലാം മൂടി ദൈവിക മർമ്മങ്ങൾ വെളിപ്പെടുത്തുന്നതിന് സഹായിക്കുന്നു. അങ്ങനെയുള്ള ദൈവിക മർമ്മങ്ങൾ ആർക്കെങ്കിലും മറഞ്ഞിരിക്കുന്നുവെങ്കിൽ അതു നശിച്ചുപോകുന്നവർക്കല്ലാതെ മറ്റാർക്കാണ്.?

ഗ്രന്ഥരചന മാനുഷിക പരിമിതികളിൽ നിന്ന് വിമുക്തമല്ല എന്ന് എം. എം. അക്ബർ പറയുമ്പോൾ അത് അദ്ദേഹം വിശ്വസിക്കുന്ന മത ഗ്രന്ധങ്ങൾക്കും ബാധകമാണല്ലോ? അതുപോലെ തന്നെ എം.എം. അക്ബർ പ്രതിപാദിയ്ക്കുന്ന ബൈബിൾ നിരൂപണവും മാനുഷിക പരിമിതികളിൽ നിന്ന് വിമുക്തമല്ല എന്ന് സമ്മതിക്കുമല്ലോ. ഗ്രന്ഥങ്ങളെ വായിച്ചു ഗ്രഹിക്കുന്നതിലും ഈ പറയുന്ന സ്ഥലകാല, ഭാഷാ, സാംസ്ക്കാരിക, വ്യക്തപര പരിമിതികൾ ബാധകമാണെന്ന് സമ്മതിക്കേണ്ടിവരും. 2000–4000 വർഷങ്ങൾക്കു മുമ്പു നിലനിന്നിരുന്ന സാമൂഹിക വ്യവസ്ഥിതികൾ അതിലെ ജനങ്ങൾക്കു മനസ്സിലാകുന്ന ഭാഷയിലാണ് ബൈബിൾ എഴുതിയിരിക്കുന്നത്. ആ സന്ദർഭവും സാഹചര്യങ്ങളും അതേ രൂപത്തിൽ മനസ്സിലാക്കാൻ മാനുഷിക പരിമിതികൾ മൂലവും ദൈവകൃപയുടെ അഭാവം മൂലവും എല്ലാവർക്കും സാധിച്ചു എന്നുവരില്ല.

ഉദാഹരണമായി ഈ എഴുത്തുകാരൻ മലയാളഭാഷയിലുള്ള ഉറി എന്ന വാക്ക് പാഠപുസ്തകത്തിൽ പഠിച്ചിട്ടുള്ളതാണ്. ഉറിയുടെ ഉപയോഗം നിന്നുപോയതുകാരണം ആ വാക്കുപറഞ്ഞാൽ പുതിയ തലമുറയ്ക്ക് അതു മനസ്സിലാവുകയില്ല. ബൈബിൾ വായിക്കുന്ന ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ പകർത്തിയെഴുതുന്നതിൽ നിയോഗിക്കപ്പെട്ട ശാസ്ത്രിമാർ അത് ജനങ്ങൾക്കു മനസ്സിലാകുന്ന ഭാഷയിൽ പകർത്തിയെഴുതിയിട്ടുണ്ട്. ഈ പകർത്തി എഴുതലിന് ഒരു മതഗ്രന്ഥവും അതീതമല്ല. അതിന്റേതായ പരിമിതികൾ എല്ലാ മതഗ്രന്ഥങ്ങളിലുമുണ്ട്. പ്രവാചകനായ മുഹമ്മദിന് പല ഭാര്യമാരുണ്ടായിരുന്നു എന്നതോ ദാവീദിനോ മറ്റു പ്രവാചകന്മാർക്കോ ഒന്നിൽ കൂടുതൽ ഭാര്യമാരു

ണ്ടായിരുന്നു എന്നതോ ഇന്നത്തെ കാലത്ത് അവരുടെ ഒരു തെറ്റായി വ്യാഖ്യാനിക്കുന്നതിൽ അർത്ഥമില്ല. ഭാര്യമാരായിരുന്നവരുടെ മാതാപിതാക്കൾക്ക് അതിൽ പരിഭവമില്ല എങ്കിൽ ദൈവം അന്ന് അത് അനുവദിച്ചു എങ്കിൽ ഈ കാലത്ത് അതിന്റെ ശരി തെറ്റും ചിന്തിക്കുന്നതിൽ എന്തർത്ഥമിരിക്കുന്നു?

പണ്ഡിതന്മാരെന്ന് അവകാശപ്പെടുന്നവർക്കും അവരുടെ വാദഗതികൾക്കും മാനുഷികമായ പരിമിതികളുണ്ട്. ഏതു ഗ്രന്ഥത്തിനും, ഏതുഭാഷയിലാണോ അത് രചിച്ചിരിക്കുന്നത്, പരിഭാഷ ചെയ്തിരിക്കുന്നത് എന്നതനുസരിച്ച് ആ ഭാഷയുടേതായ പരിമിതികളുണ്ട്. ഭാഷകൾക്ക് അർത്ഥം വ്യക്തമാക്കുന്നതിന് വാക്കുകളുടെ ലഭ്യത ഒരുപോലെയല്ല. ചിലഭാഷകൾക്ക് കൂടുതൽ വാക്കുകളും മറ്റു ചിലഭാഷകൾക്ക് കുറച്ചു വാക്കുകളുമേ ഉള്ളൂ എന്നു വന്നേക്കാം. പ്രവാചകനു ലഭിച്ച ദർശനത്തെ ഭാഷയിലേക്കു പകർത്തുമ്പോൾ ഭാഷയുടേതായ പരിമിതികളും സ്വഭാവികമാണ്. ഇന്ന് നമുക്ക് ലഭ്യമായിരിക്കുന്ന പല വസ്തുക്കളും പ്രവാചകൻ ദർശനം കാണുന്ന സമയത്ത് ലഭ്യമായിരുന്നില്ല. എന്നാൽ ദർശനം ഭാവികാലത്തേക്കുള്ളതാകയാൽ അത് രേഖപ്പെടുത്തുമ്പോൾ ഈ 21-ാം നൂറ്റാണ്ടിൽ ജീവിച്ചിരിക്കുന്ന വായനക്കാരന് ചില ബുദ്ധിമുട്ടുകൾ നേരിട്ടു എന്നു വന്നേക്കാം. വെളിപ്പാടിലുള്ളതും ദാനിയേൽ പ്രവചനത്തിലുള്ളതുമായ പല പ്രവചനങ്ങളും പ്രതീകാത്മകമായാണ് ചിത്രീകരിച്ചിരിക്കുന്നത്. അതു മനസ്സിലാകണമെങ്കിൽ ദൈവകൃപ ആവശ്യമാണ്. ചില പണ്ഡിതന്മാർ എന്ന് അവകാശപ്പെടുന്നവർക്ക് ഈ ദൈവകൃപ ലഭ്യമല്ലാത്തതുകാരണം അവർക്ക് ദൈവവചനം ശരിയായ രീതിയിൽ മനസ്സിലാക്കുവാൻ കഴിയുന്നില്ലെങ്കിലും അവർ എഴുതിവിടുന്നതിന് കുറവൊന്നുമില്ല.

മറ്റൊരു ഉദാഹരണമെടുത്താൽ ബൈബിളിൽ ഉല്പത്തിയിൽ 'മനുഷ്യനെ സൃഷ്ടിച്ചതിൽ ദൈവം അനുതപിച്ചു' എന്ന് എഴുതിയിരിക്കുന്നതിൽ ഭാഷയുടേതായ പരിമിതികൾ ദർശിക്കാവുന്നതാണ്. പ്രതീകാത്മകമായി ലഭിച്ച പല ദർശനങ്ങളും അതു ദർശിച്ച പ്രവാചകനു പോലും ശരിയായി മനസ്സിലാകാത്ത സന്ദർഭങ്ങളുണ്ട്. കാരണം, അതു ഭാവികാലത്തേക്കുള്ളതാകായാൽ തന്നെ. "സന്ധ്യകളെയും ഉഷസുകളെയും കുറിച്ചു പറഞ്ഞിരിക്കുന്ന ദർശനം സത്യമാകുന്നു. ദർശനം ബഹുകാലത്തേക്കുള്ളതാകയാൽ അതിനെ അടച്ചുവെയ്ക്ക. ഞാൻ ദർശനത്തെപ്പറ്റി വിസ്മയിച്ചു. ആർക്കും അതു മനസ്സിലായില്ലതാനും.(ദാനി. 8:26,27)

ദൈവം പ്രവാചകന്മാരിൽകൂടി ഏതുവിധത്തിലാണ് ഇടപെടുന്നത്; അത് Inspiration ആണോ അതോ വെളിപ്പാടാണോ എന്നൊക്കെ തർക്കിച്ചു സമയം കളയാമെന്നല്ലാതെ മറ്റെന്തു പ്രയോജനം. അതിന് ഉത്തരം പറയേണ്ടത് പ്രവാചകന്മാരോ ദൈവമോ ആണല്ലോ? ഈ ലേഖകൻ ഇതിനു മുമ്പ് എഴുതിയ പുസ്തകം Inspired ആണ് എന്നു പറയാം. ആ Inspired ആയുള്ള ആശയങ്ങളെ, ദർശനങ്ങളെ, മനുഷ്യർക്കു മനസ്സിലാകുന്ന ഭാഷയിൽ അവതരിപ്പിക്കുവാൻ പലപല കഥകളും വിശദീകരണങ്ങളും അനുഭവങ്ങളും എഴുത്തുകാരന്റെ അറിവിനും അനുഭവത്തിനും അനുസരിച്ച് അതിൽ കൊണ്ടുവന്നിരിക്കുന്നു.

ബൈബിളിനെ ഒരു വേദഗ്രന്ഥമാണോ അല്ലയോ എന്നത് വ്യക്തിപരമായി ഓരോരുത്തരും തീരുമാനിക്കേണ്ട വിഷയമാണ്; അത് ഒരു വിശ്വാസമാണ്. അത് അങ്ങനെ വിശ്വസിക്കുന്നവർക്ക് അത് അങ്ങനെ ആയിരിക്കും. അത് വേദഗ്രന്ഥമല്ല എന്നു കരുതുന്നവർക്ക് അതങ്ങനെ ആയിരിക്കും

ഖുറാൻ പ്രവാചകനായ മുഹമ്മദിന്റെ വാക്കുകൾ കേട്ടത് പകർത്തിയെഴുതിയതാണെങ്കിൽ ഭാഷയുടേതായ പരിമിതികളും പകർത്തിയെഴുതുന്നതിലെ പരിമിതികളെല്ലാം ഉൾക്കൊള്ളുന്ന ഒരു മാനുഷികവശം മറ്റു ഏതു മതഗ്രന്ഥത്തിനുമുള്ളതുപോലെ അതിലുമുണ്ടെന്നു സമ്മതിക്കാതെ തരമില്ല. പലപ്പോഴും നമ്മെ മറ്റുള്ളവരിൽ നിന്ന് ഉന്നതമായി നിലയിൽ കാണുക എന്നുള്ളത് ഒരു മാനുഷിക ബലഹീനതയാണ്. അത് അങ്ങനെയായതുകൊണ്ട് ബൈബിൾ നമ്മെ ഓർമ്മപ്പെടുത്തുന്നത് മറ്റുള്ളവരെ നമ്മെക്കാൾ ശ്രേഷ്ഠന്മാരായി കാണണമെന്നാണ്.

ഞാൻ അല്ലെങ്കിൽ എന്റെ പാരമ്പര്യം, കുടുംബമഹിമ, വിദ്യാഭ്യാസം, മാതാപിതാക്കൾ, മതവിശ്വാസം, അതല്ലെങ്കിൽ വർഗ്ഗപരമായ ഔന്നത്യം ഇതൊക്കെയെടുത്ത് മറ്റുള്ളവരെ തരം താഴ്ത്തുകയെന്നുള്ളത് മനുഷ്യമനസ്സിന്റെ ഒരു അപകചത ആയി കണ്ടാൽ മതി. ഇത്തരത്തിൽ ഉടലെടുത്ത ഒരാളുടെ ചിന്താഗതികൊണ്ട് സത്യം സത്യമല്ലാതാവുകയോ സത്യമല്ലാത്തത് സത്യമാവുകയോ ചെയ്യുന്നില്ല.

ഓരോരുത്തരും അവരവരുടെ അറിവും അനുഭവും അനുസരിച്ച് ചിന്തിക്കുന്നു. കടൽക്കരയിലെ ഇളകുന്ന മണൽത്തരിപോലെയാണ് മനു

ഷ്യന്റെ അറിവുകളുടെ കിടപ്പ്. ഇന്ന് ശരിയെന്ന് ചിന്തിക്കുന്ന വിഷയങ്ങൾ നാളത്തെ അറിവിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ തെറ്റായി തോന്നാം. ക്രിസ്ത്യാനികളെ മുടിക്കാൻ ഇറങ്ങിപ്പുറപ്പെട്ടതായ ശൗൽ പൗലോസ് ആയത് പുതിയ ദർശനത്തിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിലാണ്. ആ അറിവോ അനുഭവമോ ആ നിലയിൽ മറ്റൊരു വ്യക്തിക്കും ഉണ്ടായില്ല എന്നു വരാം. പൗലോസ് എഴുതിയിരിക്കുന്നതായ പുതിയനിയമത്തിലെ പല മർമ്മങ്ങളുടെയും ആഴം ഇന്നും ഗ്രഹിക്കുവാൻ വിഷമമുള്ളതാണ്.

ബൈബിൾ പ്രതിപാദിക്കുന്ന വിഷയങ്ങളുടെ ഏകദേശം 20 ശതമാനത്തിൽ കുറവാണ് ഖുറാനിൽ ഉള്ളത് ഖുറാനെപ്പറ്റി ബൈബിളിൽ പരാമർശിച്ചിട്ടേയില്ല. അതുകൊണ്ട് ബൈബിൾ തെറ്റാണെന്നു സ്ഥാപിക്കാൻ ഖുറാൻ ഉദ്ധരിക്കുകയോ ഖുറാൻ തെറ്റാണെന്നു വരുത്താൻ ബൈബിൾ വാക്യങ്ങൾ എടുക്കുന്നതോ ശരിയായ രീതിയല്ല. ഖുറാനും ബൈബിളും രണ്ടു വ്യത്യസ്ത കാലങ്ങളിൽ എഴുതപ്പെട്ടവയാണ്. ദൈവത്തിന്റെ നിർദ്ദേശങ്ങൾക്ക് സ്ഥലകാല സാംസ്കാരിക വ്യത്യാസങ്ങൾ ഉണ്ടായെന്നു വരാം.യിസ്രായേൽ ജനതയ്ക്ക് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം എന്ന നിലക്ക് അവർ കൊടുത്തിരുന്ന നിർദ്ദേശങ്ങളായിരുന്നില്ല അതേ കാലത്ത് ജീവിച്ചിരുന്ന മറ്റു ജനവിഭാഗങ്ങൾക്ക് മറ്റു പ്രവാചകന്മാരിൽകൂടി നല്കിയിരുന്നത്. ബിലയാം ദൈവത്തിന്റെ ഒരു പ്രവാചകനായിരുന്നു എന്ന കാര്യം അനുസ്മരിക്കുമല്ലോ. ബിലയാമിൽക്കൂടി മിദ്യന്യർക്കു ലഭിച്ചിരുന്ന നിർദ്ദേശങ്ങളല്ലായിരുന്നു യിസ്രയേൽ ജനതക്ക് ലഭിച്ചിരുന്നത്. അന്ത്യ ന്യായവിധിയിൽ ദൈവം മിദ്യാന്യരെ വിധിക്കുന്നത് യിസ്രയേലിനു കൊടുത്ത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആയിരിക്കുകയില്ലല്ലോ. അതുപോലെ ഖുറാനിൽ വിശ്വസിച്ചു ബൈബിളിലെ സത്യങ്ങൾ മനസ്സിലാക്കാൻ അവസരം കിട്ടാതെപോയ വ്യക്തിയെ വിധിക്കുന്നതും ബൈബിളിന്റെ അടിസ്ഥാനത്തിൽ ആകുകയില്ല.

പൗലോസിനുണ്ടായ ഒരു അനുഭവം അപ്പൊസ്തോല പ്രവൃത്തി (16: 6–10) രേഖപ്പെടുത്തിയിരിക്കുന്നതു ഇപ്രകാരമാണ്. പൗലോസും കൂട്ടുകാരും ആസ്യയിൽ ദൈവവചനം പ്രസംഗിക്കണമെന്ന് ആഗ്രഹിച്ചെങ്കിൽ യേശുവിന്റെ ആത്മാവോ അവരെ സമ്മതിച്ചില്ല. അങ്ങനെയാണ് അവർ ആസ്യ (Asia) വിട്ട് മക്കദോന്യയ്ക്ക് സുവിശേഷം അറിയിക്കുവാൻ പോകുന്നത്. അതുകൊണ്ട് ഒരു നിശ്ചിത കാലത്തേക്ക് ചിലർ

ഖുറാനിൽ വിശ്വസിക്കണമെന്നുള്ളത് ദൈവത്തിന്റെ പദ്ധതിയായിരുന്നു എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. എന്തായാലും ഇസ്ലാം ആവിർഭവിക്കുന്നതിന് മുമ്പ് നിലവിലിരുന്ന വിശ്വാസ ആചാരങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഖുറാൻ ആചരണം എന്തുകൊണ്ടും മെച്ചമാണെന്ന് സമ്മതിക്കാതെ വയ്യ.

ഖുറാനിൽ മറ്റു പ്രവാചക പുസ്തകങ്ങളെയും പ്രവാചകന്മാരുടെ നിർദ്ദേശങ്ങളെയും പാലിക്കണമെന്ന് കല്പിക്കുമ്പോൾ ബൈബിൾ ഖുറാനിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്നുള്ള കല്പനയില്ല. അതുകൊണ്ടു തന്നെ ഖുറാൻ സത്യാന്വേഷികൾക്ക് ബൈബിളിലേക്കുള്ള, ക്രിസ്തുവിലേക്കുള്ള Stepping Stone ആയിക്കാണാം. സത്യത്തിൽ അതല്ലേ സംഭവിച്ചിരിക്കുന്നത്?. ബഹുദൈവ വിശ്വാസത്തിൽ പ്രതിമകളെ ആരാധിച്ചിരുന്ന ഒരു ജനതയെ ഏകദൈവവിശ്വാസത്തിലേക്കു വരുത്തുക എന്ന മഹത്തായ കർമ്മമാണ് പ്രവാചകനായ മുഹമ്മദിൽകൂടി ദൈവം ചെയ്തത്. അതുകൊണ്ട് ദൈവത്തിന് ആ ജനതയെപ്പറ്റിയുള്ള ഭാവികാല ആലോചനകൾ ഖുറാനിൽ അവസാനിച്ചു എന്നു ചിന്തിക്കേണ്ടതില്ല ദൈവം മുൻകൂട്ടി അറിഞ്ഞിരിക്കുന്നവർ ബൈബിൾ വിവക്ഷിക്കുന്ന രക്ഷാമാർഗ്ഗത്തിൽ എത്തിച്ചേരുമെങ്കിൽ മറിച്ചു ക്രിസ്തുമതത്തിൽ നിന്ന് സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലമോ സ്വാർത്ഥതാൽപര്യങ്ങൾകൊണ്ടോ മതപരിവർത്തനം ചെയ്തവർക്കുള്ള ന്യായവിധി ദൈവത്തിനു വിട്ടുകൊടുക്കുന്നതായിരിക്കും ഉചിതം.

ഖുറാൻ ബൈബിളിന് ശേഷമാണ് എഴുതപ്പെട്ടത് എന്നതുകൊണ്ട് അതു ദൈവത്തിന്റെ അവസാനത്തെ നിർദ്ദേശം ആണെന്നു വരുന്നില്ല. പ്രവാചകനായ മുഹമ്മദാണ് അവസാനത്തെ പ്രവാചകനെന്ന് പഠിപ്പിയ്ക്കുന്നത് പ്രവാചകൻ അങ്ങനെ പറഞ്ഞതാണോ അതോ ഖുറാന്റെ വ്യാഖ്യാനമാണോ എന്ന് നിശ്ചയമില്ല. Zoroaster എന്ന പേർഷ്യൻ മതസ്ഥാപകൻ പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നത് അദ്ദേഹമാണ് അവസാനത്തെ പ്രവാചകൻ എന്നത്രേ. ഓരോ മതത്തിനും ദൈവം ഓരോ കാലയളവു നിശ്ചയിച്ചിട്ടുണ്ട്. അതിനുശേഷം ഈ മതങ്ങൾ നാമാവശേഷമാവുകയോ മറ്റുമതങ്ങളുമായി കൂടിക്കലരുകയോ പുതിയ വിശ്വാസ ആചാരങ്ങളായി രൂപാന്തരം സംഭവിക്കുന്നതോ ആയി ചരിത്രം പഠിച്ചാൽ മനസ്സിലാകും.

ക്രിസ്തീയ വിശ്വാസമനുസരിച്ച് ഈ 21–ാം നൂറ്റാണ്ടിലും ദൈവം പ്രവാചകന്മാരെ അതതു സഭകളിൽ ജനവിഭാഗങ്ങളിൽ അയയ്ക്കുന്നുണ്ട്. അവൻ ചിലരെ അപ്പോസ്തോലന്മാരും ചിലരെ പ്രവാചകന്മാരായും, ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടക്കന്മാരായും നിയമിച്ചിരിക്കുന്നു. (എഫെ. 4:11). ശരിയായ എഴുത്തുകാരെല്ലാം ദൈവത്തിൽ നിന്നുള്ള Inspiration പ്രാപിച്ച് എഴുതുന്നു എന്നതിനാൽ പ്രവാചകന്മാരായി കരുതാം. അങ്ങനെയെങ്കിൽ പ്രാവചകനായ മുഹമ്മദ് അവസാനത്തെ പ്രവാചകനെന്നു പറയുമ്പോൾ ദൈവത്തെ മാനുഷിക പരിമിതികളിൽ ഒതുക്കാൻ ശ്രമിക്കുകയല്ലേ? ഒരു സുറാ എടുത്തിട്ട് അതുകൊണ്ട് ഒരു വരയോ വൃത്തമോ വരച്ചിട്ട് ദൈവം ഈ വൃത്തത്തിനപ്പുറം കടക്കാൻ പാടില്ല എന്നു വാശി പിടിക്കുകയല്ലേ?

അതുകൊണ്ട് ഖുറാൻ വേദഗ്രന്ഥമാണെന്നും ബൈബിൾ വേദഗ്രന്ഥമല്ല എന്നും സ്ഥാപിക്കുവാൻ ശ്രമിക്കുന്നതു ബാലിശമായി കരുതിയാൽ മതി. ഖുറാനിൽ വിശ്വസിക്കുന്നവരെ ദൈവം ഖുറാൻ അനുസരിച്ചും ബൈബിൾ വിശ്വസിക്കുന്നവരെ ബൈബിൾ അനുസരിച്ചും ന്യായം വിധിക്കും എന്നു ചിന്തിക്കുന്നതല്ലേ കുറച്ചുകൂടി പക്വമായ വീക്ഷണം. ഖുറാനിൽ വിശ്വസിക്കുന്നവരെ ഖുറാനനുസരിച്ചു ന്യായം വിധിക്കും എന്നു പറയുമ്പോൾ അവർ ബൈബിൾ കൂടി അറിഞ്ഞിരിക്കാൻ ബാദ്ധ്യസ്ഥരാണെന്നുള്ള കാര്യവും മറക്കേണ്ട. ബൈബിൾ സത്യങ്ങളെ മനസ്സിലാക്കാൻ ദൈവം ഒരു ഇസ്ലാം വിശ്വാസിയുടെ കണ്ണുതുറന്നാൽ അത് അങ്ങനെയും മറിച്ചാണെങ്കിൽ അതങ്ങനെയും ആകട്ടെ എന്നു സമാധാനിക്കുന്നതല്ലേ കൂടുതൽ ഉചിതം. അല്ലാതെ ഒരു വ്യക്തി എന്തിനാണ് ഇളകിവശായി രാജ്യത്തെ നിയമം കയ്യിലെടുത്ത് മറ്റുള്ളവരുടെ ചട്ടുകങ്ങളായി മാറുന്നത്.? എന്റെ ചോറു നല്ലതാണെന്നു പറയാം. നിന്റേതു വെന്തതല്ല എന്നു പറയുന്നത് രാഷ്ട്രീയ മത്സരത്തിൽ അന്യോന്യം ചെളിവാരിയെറിയുന്നതിനു തുല്യമല്ലേ?. ഒരു ദൈവവിശ്വാസിക്കു ചേർന്നതാണോ ഇത്?

അബ്രഹാം പിതാവിനെപ്പറ്റിയുള്ള ഒരു കഥ ഇവിടെ ഉദ്ധരിയ്ക്കട്ടെ. വളരെ സൽക്കാരപ്രിയനായിരുന്നു അബ്രഹാം പിതാവ്. ഒരിക്കൽ ഒരപരിചിതനെ ഭവനത്തിൽ സ്വീകരിച്ച് അന്തിയുറങ്ങുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തു. നമസ്ക്കാരത്തിന്റെ സമയത്ത് അബ്രഹാം ദൈവത്തെ ആരാധിക്കുവാനും പ്രാർത്ഥിക്കുവാനും ആരം

ഭിച്ചപ്പോൾ ഈ അതിഥിയും തന്റെ കൈവശമുണ്ടായിരുന്ന വിഗ്രഹങ്ങൾ എടുത്തുവച്ച് അതിനെ പൂജിക്കുവാൻ തുടങ്ങി. ഏക സത്യദൈവവിശ്വാസിയായ അബ്രഹാമിന് ഇത് സഹിച്ചില്ല. അദ്ദേഹം ആ അതിഥിയെ വീട്ടിൽ നിന്ന് ഇറക്കിവിട്ടു. അന്നു രാത്രിയിൽ ദൈവം അബ്രാഹമിന് പ്രത്യക്ഷപ്പെട്ടു. "എനിക്കു ഈ വിഗ്രഹാരാധിയെ ഇത്രയും കാലം സഹിക്കാമെങ്കിൽ നിനക്ക് അയാളെ ഒരു രാത്രി സഹിച്ചുകൂടായിരുന്നോ?" എന്നു ചോദിച്ചു. താൻ ആ വ്യക്തിയോടു ചെയ്തതു ശരിയായില്ല എന്ന് അബ്രഹാം പിതാവിന് ബോദ്ധ്യമായി എന്നാണ് കഥ. വിഗ്രഹാരാധി ചെയ്തതു തെറ്റാണെങ്കിലും അബ്രാഹാം ചെയ്തത് ആ വ്യക്തിയെ സത്യദൈവവിശ്വാസത്തിലേക്ക് കൊണ്ടുവരാൻ സഹായകമായിരുന്നില്ല.

വേദപുസ്തകം ദൈവനിവേശിതമാണോ അതോ മനുഷ്യന്റെ ചിന്തയുടെ ഫലമായി ഉരിത്തിരിഞ്ഞുവന്നതാണോ എന്നതാണ് തർക്കവിഷയം.

ഒരു വ്യക്തിയിൽ പരിശുദ്ധാത്മാവ് പ്രത്യേകവിധത്തിൽ ആവസിക്കുകയും ഗ്രന്ഥരചനയ്ക്കായി അയാളെ ഒരുക്കുകയും, നിരന്തരം പ്രചോദിപ്പിക്കുകയും ചെയ്യുന്നു എന്നതാണ് "ദൈവനിവേശിതം" എന്ന പദം കൊണ്ട് ക്രൈസ്തവർ അർത്ഥമാക്കുന്നത് എന്ന് എം.എം. അക്ബർ പറയുന്നു. ഈ വ്യാഖ്യാനം എവിടെ നിന്നാണ് ലഭിച്ചതെന്നുകൂടി രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. പല പുസ്തകങ്ങളും പരിശോധിച്ചെങ്കിലും ഈ അർത്ഥം വരുന്ന ഒരു വ്യാഖ്യാനം കാണാൻ സാധിച്ചില്ല. ദൈവനിവേശിതത്തിന് പുസ്തക രചനയുമായി എപ്പോഴും ബന്ധം ഉണ്ടാകണമെന്നില്ല. ദൈവനിവേശിത വ്യക്തി എല്ലായ്പ്പോഴും പുസ്തകം എഴുതണമെന്നില്ല. ദൈവം ഓരോരുത്തർക്കും ഓരോ ശുശ്രൂഷയാണ് നൽകുന്നത്. പ്രവചനത്തോടുള്ള ബന്ധത്തിൽ ദൈവനിവേശിതത്തിന്റെ ക്രിസ്തീയ വ്യാഖ്യാനം, 2 പത്രൊസ് 1:19–21 നെ ആധാരമാക്കിയാണ്. "തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവായതല്ല എന്നു ആദ്യം തന്നെ അറിഞ്ഞുകൊള്ളേണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ" ചില പ്രവചന വാക്യങ്ങൾ ഉദ്ധരിച്ചിട്ടു അത് പ്രവചിച്ചതായ ബിലയാം, നാഥാൻ ആദിയായ പ്രവാചകന്മാർ അവരുടെ പേരിൽ പുസ്തകം എഴുതിയതായി ബൈബിളിൽ ഇല്ലാത്തതു കാരണം

പുസ്തകം എഴുതാനല്ല ബൈബിൾ പ്രവാചകന്മാരെ വിളിച്ചിരിക്കുന്നതെന്ന് സ്ഥാപിക്കാൻ എം.എം. അക്ബർ ശ്രമിക്കുന്നു.

എല്ലാ പ്രവാചകന്മാരും പുസ്തകം എഴുതണമെന്നില്ല. ഓരോ പ്രവാചകനും ഓരോ നിലയിലുള്ള വിളിയും തിരഞ്ഞെടുപ്പുമാണ് ഉള്ളത്. ചിലരെ ദൈവം പുസ്തകം എഴുതാൻ വിളിച്ചെന്നിരിക്കും. പഴയ നിയമ പ്രവാചകന്മാരെല്ലാം അവരുടെ പേരിൽ പുസ്തകം എഴുതിയിട്ടില്ല പുതിയ നിയമ കാലത്തും പ്രവാചകന്മാരെല്ലാം പുസ്തകമെഴുതണമെന്നില്ല. ചിലരുടെ വിളി ദൈവത്തിൽ നിന്നുള്ള ആലോചനകൾ സ്വന്തം സമൂഹത്തിൽ ദൂതായി അറിയിക്കുകയായിരിയ്ക്കും. മറ്റു ചില പ്രവാചകന്മാർക്ക് കുറച്ചുകൂടി ആഗോളമായ വിളിയും തിരഞ്ഞെടുപ്പും ഉണ്ടായി എന്നുവരാം. അവർ പുസ്തകം എഴുതി എന്നും വരാം.

ബൈബിൾ ദൈവനിവേശിതമല്ല എന്നു സ്ഥാപിക്കാൻ എം.എം. അക്ബർ അവതരിപ്പിക്കുന്ന വാദമുഖങ്ങൾ സ്വന്തം വാദങ്ങളല്ല മറിച്ച് അടിസ്ഥാനമായി ഉപയോഗിച്ച പുസ്തകത്തിലെ അവതരണമാണെങ്കിൽ കൂടി വളരെ ആലോചിച്ച് അവതരിപ്പിച്ചതാണെന്നു കാണാം. ശാസ്ത്രീയമായ ചില പ്രമാണങ്ങളൊക്കെ അതിൽ കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ട്. ഒരു വിഷയം തെറ്റോ ശരിയോ എന്നു സ്ഥാപിക്കണമെങ്കിൽ ശാസ്ത്രജ്ഞന്മാർ ഉപയോഗിക്കുന്ന ഒരു രീതിയാണ് hypothesis എഴുതുന്നത്.എം.എം. അക്ബർ തന്നെ ഒരു hypothesis ക്രൈസ്തവ വ്യാഖ്യാനം എന്നപേരിൽ എഴുതിയുണ്ടാക്കി അത് തെറ്റാണെന്നു സമർത്ഥിക്കാനുള്ള വാദങ്ങളൊക്കെ അവതരിപ്പിച്ച് hypothesis തെറ്റാണെന്നു സ്ഥാപിച്ച് സ്വയം ജയിച്ചതായി പ്രഖ്യാപിക്കുക. ലേശം തരംതാണുപോയി എന്നു സംശയമുണ്ട്. ഏറ്റവും ശക്തമായ തെളിവായി അവതരിപ്പിക്കുന്നത് ബിലയാമും ശൗലും പ്രവചിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നുവെങ്കിലും അവർ രണ്ടുപേരും ബൈബിളിൽ പുസ്തകങ്ങൾ എഴുതിയിട്ടില്ല എന്നതാണ്. അതുകൊണ്ടു ദൈവനിവേശിതം എന്നതിന്റെ ക്രൈസ്തവ വ്യാഖ്യാനം ശരിയല്ല എന്നാണ് സ്ഥാപിക്കാൻ ശ്രമിച്ചിരിക്കുന്നത്.

ഇനിയും അടുത്ത ശ്രമം 'വെളിപ്പാട്' എന്ന ക്രിസ്തീയ വ്യാഖ്യാനം മാത്രമെ ശരിയായിട്ടുള്ളൂ എന്ന് സമർത്ഥിക്കുകയാണ്. പരോക്ഷമായി ദൈവനിവേശിതം എന്നുള്ളത് വെറും സങ്കല്പമാണെന്നു വരുത്തിത്തീർക്കുകയാണ് ഉദ്ദേശം എന്നു തോന്നുന്നു. എഴുതിയിരിക്കുന്നതെല്ലാം അസംബന്ധമാണെന്നു പറഞ്ഞാൽ ജനം പരിഹസിക്കുമ

ല്ലോ. കാരണം കാലത്തെ അതിജീവിച്ച പുസ്തകമാണല്ലോ ബൈബിൾ.

പ്രവാചകർ എന്നു പറയുന്നവർ എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറഞ്ഞോ; എഴുത്തിലേക്കു കടക്കരുത് എന്നാണ് ആഗ്രഹം എന്നു തോന്നുന്നു. എഴുതിക്കഴിഞ്ഞാൽ അതു കാലത്തെ അതിജീവിക്കാൻ സാദ്ധ്യതയുണ്ടല്ലോ എന്നതു തന്നെ. അതുകൊണ്ട് പ്രവാചകന്മാരായി അംഗീകരിക്കണമെങ്കിൽ എഴുതാൻ പാടില്ല എന്നൊരു ധ്വനി ഈ വാദഗതിയിലുണ്ട്.

ഉദാഹരണമായി എടുത്തിരിക്കുന്നത് സംഖ്യ 23:3 "പിന്നെ ബിലയാം ബാലാക്കിനോട് നിന്റെ ഹോമയാഗത്തിന്റെ അടുക്കൽ നിൽക്ക. ഞാൻ അങ്ങോട്ടു ചെല്ലട്ടെ. പക്ഷെ യഹോവ എനിക്കു പ്രത്യക്ഷനാകും അവൻ എന്നെ ദർശിക്കുന്നതു ഞാൻ നിന്നെ അറിയിക്കാം. എന്നു പറഞ്ഞു കുന്നിന്മേൽ കയറി."

ഇവിടെ ബിലയാം ദർശനം പറയാമെന്ന് ബാലാക്കിനോട് പറയുന്നു, എന്നതല്ലാതെ എഴുതുന്ന കാര്യം ഒന്നും പറഞ്ഞിട്ടില്ല, എന്ന് അക്ബർ വാദിയ്ക്കുന്നു. ഇങ്ങനെയുള്ള വാദങ്ങൾ അത് അർഹിക്കുന്ന അവ ജ്ഞയോടെ മാന്യവായനക്കാർ തള്ളിക്കളയും എന്നതിന് സംശയമി ല്ല. ബിലയാമിന്റെ വാക്കുകൾ ബിലയാമല്ല എഴുതിയതെങ്കിലും പ്രവാ ചകനായതു കാരണം അതു മോശയിൽ കൂടി അവിടെത്തന്നെ രേഖ പ്പെടുത്തിയിരിക്കുന്നത് എം.എം. അക്ബർ കണ്ടില്ല എന്നു തോന്നു ന്നു. സംഖ്യ 23:7–10 "ബാലാക്ക് എന്നെ ആരാമിൽ നിന്നും മോവാബ് രാജാവ് പൂർവ്വപർവ്വതങ്ങളിൽ നിന്നും വരുത്തി. ചെന്നു യാക്കോ ബിനെ ശപിക്ക ചെന്നു യിസ്രായേലിനെ പ്രാകുക എന്നു പറഞ്ഞു. ദൈവം ശപിക്കാത്തവനെ ഞാൻ എങ്ങനെ ശപിക്കും യഹോവ പ്രാകാ ത്തവനെ ഞാൻ എങ്ങനെ പ്രാകും. ശിലാഗ്രങ്ങളിൽ നിന്നു ഞാൻ അവനെ കാണുന്നു. ഗിരികളിൽ നിന്നു ഞാൻ അവനെ ദർശിക്കു ന്നു. ഇതാ തനിച്ചു പാർക്കുന്നോരു ജനം ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല. യാക്കോബിന്റെ ധൂളിയെ ആർക്കു എണ്ണാം യിസ്രായേലിന്റെ കാലാംശത്തെ ആർക്കു ഗണിക്കാം. ഭക്തന്മാർ മരി ക്കുമ്പോലെ ഞാൻ മരിക്കട്ടെ. എന്റെ അവസാനം അവന്റേതുപോലെ ആകട്ടെ" മോശയിൽകൂടിയാണെങ്കിലും പ്രവചനം ഇവിടെ രേഖപ്പെ ടുത്തിയിരിക്കുകയാണ്. വിഷയങ്ങൾ സ്ഥാപിത താല്പര്യത്തിനു

വേണ്ടി ഇതുപോലെ വളച്ചൊടിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാമോ?

അടുത്ത ഉദാഹരണം ആവർത്തന പുസ്തകം 29:29 ആയിട്ട് എം. എം. അക്ബർ ഉദ്ധരിക്കുന്നത് ശ്രദ്ധിക്കുക.

" നിഗൂഢകാര്യങ്ങളെല്ലാം നമ്മുടെ ദൈവമായ കർത്താവിനുള്ളതാകുന്നു.എന്നാൽ വെളിപ്പെടുത്തിയിട്ടുള്ള കാര്യങ്ങളെല്ലാം നമുക്കും നമ്മുടെ സന്തതികൾക്കും എക്കാലത്തേക്കും ഉള്ളവയാകുന്നു."

ശരിയായ ഉദ്ധരണി ശ്രദ്ധിക്കുക

" മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവക്കുള്ളവയത്രേ.വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ സകലവചനങ്ങളും അനുസരിച്ചുനടക്കേണ്ടതിനു നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു."ഇവിടെയും സത്യത്തെ കോട്ടിക്കളയാനാണ് ശ്രമിച്ചിരിക്കുന്നത്.വെളിപ്പെട്ട കാര്യങ്ങളെല്ലാം ന്യായപ്രമാണത്തിൽ എഴുതിവെച്ചിരിക്കുന്നു എന്ന ആശയം എം.എം. അക്ബർ മനപ്പൂർവ്വം വിട്ടുകളഞ്ഞതാണോ," ഈ ന്യായപ്രമാണത്തിന്റെ സകലവചനങ്ങളും" എന്നത് വിട്ടുകളഞ്ഞത് മാന്യവായനക്കാർ ശ്രദ്ധിച്ചു കാണുമല്ലോ?

മൂന്നാമത്തെ ഉദാഹരണം 2 ശമുവേൽ 7:4

"എന്നാൽ അന്നു രാത്രി യഹോവയുടെ അരുളപ്പാട് നാഥാന് ഉണ്ടായതെന്തെന്നാൽ"

ഒരു വാക്യത്തിന്റെ ഒരു കഷണം എടുത്ത് സത്യത്തെ വളച്ചൊടിക്കുവാൻ ശ്രമിക്കുകയാണ് വീണ്ടും

നാഥാൻ പ്രവാചകൻ ദൈവത്തിന്റെ പ്രവാചകനായതുകൊണ്ട് സ്വന്തം പേരിൽ പുസ്തകം എഴുതിയില്ല എങ്കിലും നാഥാൻ പ്രവാചകനിൽ കൂടി വന്ന അരുളപ്പാടുകൾ മറ്റ് പ്രവാചകന്മാർ മുഖേനയോ ശാസ്ത്രികൾ മുഖേനയോ എഴുതി വരും തലമുറകൾക്കു കൊടുക്കാൻ ദൈവം വിശ്വസ്തനായിരുന്നു.അതുകൊണ്ടാണ് നാഥാൻ പ്രവാചകന്റെ പ്രവചനങ്ങൾ നാം ഇന്നും വായിക്കുന്നത്.ഇത് സ്ഥാപിക്കാൻ ശ്രമിക്കുന്നതിന് മറ്റൊരു ഉദ്ദേശവും ഉണ്ടെന്നു തോന്നുന്നു. മുഹമ്മദ് പ്രവാചകനായിരുന്നുവെങ്കിലും ഒന്നും തന്നെ എഴുതിവെച്ചിട്ടില്ല. പറഞ്ഞതും കേട്ടതുമായ കാര്യങ്ങൾ മറ്റുള്ളവർ പകർത്തുകയായിരുന്നു. എഴുത്തും വായനയും അറിയാതിരുന്നതുകൊണ്ട് തങ്ങളുടെ പ്രവാ

ചകനു കഴിയാതിരുന്ന കാര്യം മറ്റു പ്രവാചകന്മാരും ചെയ്യേണ്ട എന്ന താണോ ഇതിന്റെ ഉദ്ദേശം?.

## മൂന്നുതരം സ്രോതസ്സുകൾ

വീണതു വിദ്യയാക്കുക എന്നൊരു പ്രയോഗം മലയാളഭാഷയിലുണ്ട് അതു തന്നെയാണ് എം.എം. അക്ബർ അടുത്തതായി ചെയ്യുന്നത് ഇസ്ലാം മതഗ്രന്ഥങ്ങളുടെ ന്യൂനതകളെ അതിന്റെ ശക്തിയായി എടുത്തുകാട്ടുക. മൂന്നുതരം സ്രോതസ്സുകളാണ് ഇസ്ലാം അംഗീകരിക്കുന്നതെന്നാണ് എം.എം. അക്ബർ പറയുന്നത്. ഇസ്ലാം മതഗ്രന്ഥങ്ങളിൽ ഈ മൂന്നുതരം സ്രോതസ്സുകൾ ഉപയോഗിച്ചിരിക്കുന്നതുകാരണം, അതിന് ഒരു പൊതു അംഗീകാരത്തിന്റെ പരിവേഷം ചാർത്തി അംഗീകരിക്കപ്പെടണമെങ്കിൽ ഇസ്ലാം മതഗ്രന്ഥങ്ങളുടെ പ്രതിപാദന രീതിയിൽ ആയിരിക്കണമെന്ന് സ്ഥാപിക്കാനുള്ള തന്ത്രമാണ് കാണുന്നത്.

1). പ്രവാചകനുണ്ടായ വെളിപാടുകളുടെ സമാഹാരം.

2). പ്രവാചകന്റെ വചനങ്ങളും പ്രവർത്തനങ്ങളും

3). പ്രവാചകനെക്കുറിച്ച് സമകാലികരോ അല്ലാത്തവരോ ആയ വ്യക്തികൾ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ.

വേദഗ്രന്ഥമാകണമെങ്കിൽ അതിൽ പ്രവാചകനുണ്ടായ വെളിപ്പാടു മാത്രമേ കാണാവൂ എന്നതാണ് എം.എം. അക്ബർ വാദിക്കുന്നത്. അതുകൊണ്ട് രണ്ടു പ്രയോജനങ്ങളാണ് എന്നു ചിന്തിക്കാം. ഒന്നാമത് ഖുറാൻ വായിക്കുന്ന ഒരു സാധാരണക്കാരൻ, മുസ്ലീം ആണെങ്കിലും അല്ലെങ്കിലും വെളിപ്പാടുകൾ മാത്രമുള്ളതുകൊണ്ട്, എഴുതിയ സന്ദർഭം വ്യക്തമല്ല എന്നതുകൊണ്ട്, വായിച്ചു മനസ്സിലാക്കുവാൻ പ്രയാസമാണ്. എന്ന പരാതി ഉണ്ടാവരുത്. രണ്ടാമത്തെ പ്രയോജനം ബൈബിൾ വേദഗ്രന്ഥമല്ല എന്നു വാദിക്കാം. കാരണം ബൈബിളിൽ പ്രവാചകന്മാർക്കുണ്ടായിട്ടുള്ള വെളിപ്പാടുകൾ മാത്രമല്ല അടങ്ങിയിട്ടുള്ളത്.

ഖുറാൻ എഴുതിയ സമയമോ സന്ദർഭമോ അതിൽ വ്യക്തമല്ല. പണ്ഡിതരെന്ന് അവകാശപ്പെടുന്നവരുടെ വ്യാഖ്യാനത്തെ മാത്രം ആശ്രയിച്ച് സാധാരണ ജനങ്ങൾ കഴിയേണ്ടിവരുന്നു. ദൈവത്തിന്റെ അരുളപ്പാടുകളുടെ സമയമോ സന്ദർഭമോ വായനക്കാർക്കു മനസ്സിലാവുകയി

ല്ല. പണ്ഡിതന്മാർ എന്ന് സ്വയം പരിചയപ്പെടുത്തുന്നവർ സ്വാർത്ഥ താൽപര്യങ്ങൾക്കുവേണ്ടി അവതരിപ്പിക്കുന്നത് ചോദ്യം ചെയ്യാതെ വിഴുങ്ങുകയല്ലാതെ സാധാരണ ജനങ്ങൾക്ക് മറ്റു വഴിയൊന്നുമില്ല. ജനങ്ങളെ എന്നും ഇരുട്ടിലും അന്ധതയിലും ഇരുത്തി അത്ഭുത പ്രകാശത്തിലേക്കു വരുവാൻ സമ്മതിക്കാതെ അവരെ ചൂഷണം ചെയ്യാനുള്ള സംവിധാനം കരുപ്പിടിപ്പിക്കുന്നതിന് ചില സാമ്രാജ്യ ശക്തികളും കൂട്ടുനിന്നു എന്നു ചിന്തിയ്ക്കാം. ഹദീസിന്റെയും ഷറിയാ നിയമങ്ങളുടെയും ചരിത്രം അതാണ് വിളിച്ചോതുന്നത്.

പലരുടെ പേരിൽ അറിയപ്പെടുന്ന ഹദിസുകൾ പ്രചാരത്തിലുണ്ട് അവ തമ്മിൽ വളരെയധികം വൈരുദ്ധ്യങ്ങളും ഉണ്ട്. ഖുറാനെക്കാൾ കാര്യങ്ങളെ വിവേചിക്കുന്നതിന് ഹദീസാണ് ഉപയോഗിക്കുന്നതെന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. ബൈബിൾ വിശ്വസനീയമല്ല തിരുത്തലുകൾ ഉണ്ട് എന്നൊക്കെ വാദിക്കുമ്പോൾ ഹദീസിന്റെ ചരിത്രം അറിയില്ലെന്നോ, കണ്ടില്ലെന്നോ നടിക്കുന്നത് വിരോധാഭാസം ആയിരിക്കുന്നു.

മൂന്നാമതായി പ്രവാചകനെക്കുറിച്ച് സമകാലികരോ അല്ലാത്തവരോ ആയ വ്യക്തികൾ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ സ്രോതസ്സുകളാകാമത്രേ. എന്തു മാനദണ്ഡമുപയോഗിച്ചാണ് ഈ മൂന്നാമത്തെ രീതിയിലുള്ള എഴുത്തുകൾക്ക് അംഗീകാരത്തിന്റെ മൂടുപടം അണിയിച്ചിരിക്കുന്നതെന്നറിയില്ല. കാര്യസാദ്ധ്യത്തിനു വേണ്ടി നേതൃസ്ഥാനത്തുള്ളവർ, രാഷ്ട്രീയ നേതാക്കൾ, സമ്രാജ്യം കെട്ടിപ്പെടുത്തവർ, കെട്ടിപ്പെടുക്കാനാഗ്രഹിച്ചവർ സൗകര്യം പോലെ ഹദീസ് എഴുതിയുണ്ടാക്കി, അതിന് അംഗീകാരത്തിന്റെ പരിവേഷം ചാർത്തുകയല്ലേ ചരിത്രത്തിൽ നടന്നത്? ഇതൊന്നും കണ്ടില്ല അറിയില്ല എന്ന് നടിച്ചിട്ട് ക്രിസ്ത്യൻ മതഗ്രന്ഥങ്ങളുടെ വിശ്വസനീയതയെ ചോദ്യം ചെയ്യുക. എന്തൊരു ധിക്കാരമാണത്?. ഇങ്ങനെയുള്ള കൈകടത്തുലുകൾ ചരിത്രത്തിൽ ഉണ്ടാവും എന്ന് പ്രവാചകനായ മുഹമ്മദിന് നന്നായി അറിയാവുന്നതുകൊണ്ടായിരിക്കാം മുസ്ലീങ്ങൾ ബൈബിൾ വായിക്കാൻ ഖുറാനിൽ നിർദ്ദേശിക്കുന്നത് എന്നു ചിന്തിക്കുന്നതായിരിക്കും ഉചിതം.

മുകളിൽ പറഞ്ഞ മൂന്നുതരത്തിലുള്ള എഴുത്തുകൾ വേദപുസ്തകത്തിലുണ്ടെന്നും, ഖുറാന്റെ വീക്ഷണത്തിൽ പ്രവാചകനുണ്ടായ വെളി

പാടുകൾ മാത്രം അടങ്ങിയതായിരിക്കണം വേദഗ്രന്ഥമെന്നതിനാൽ ബൈബിൾ ഒരു വേദഗ്രന്ഥമല്ല എന്ന് എം.എം. അക്ബർ പറഞ്ഞു വച്ചിരിക്കുകയാണ്. പ്രവചനങ്ങൾ കൊടുത്തതായ സമയവും സന്ദർഭവും വ്യക്തമാക്കി സാധാരണ ജനങ്ങൾ മനസ്സിലാക്കുന്ന ഭാഷ യിൽ, പണ്ഡിതരെന്നു പറയുന്നവർ സാധാരണക്കാരെ ചൂഷണം ചെയ്യാതെ, അന്ധകാരത്തിൽ നിന്നും അത്ഭുത പ്രകാശത്തിലേക്കു നടത്തുവാൻ, ഇരുൾ നീക്കി ദിവ്യപ്രകാശം മനസ്സുകളിൽ വ്യാപരി ക്കുവാൻ ശക്തമായ രീതിയിലാണ് ബൈബിൾ അവതരിപ്പിച്ചിരിക്കു ന്നത്. ഖുറാൻ വേദപുസ്തകത്തിൽ പരാമർശിക്കാത്തതുകാരണം ക്രിസ്ത്യാനികൾ അതു വായിക്കുവാൻ ബാദ്ധ്യസ്തരല്ല. എന്നാൽ തെറ്റിദ്ധാരണ നീക്കുവാൻ മുസ്ലീം സഹോദരന്മാരെപ്പറ്റി ശരിയായ ധാരണ ലഭിക്കുവാൻ വായിച്ചുമനസ്സിലാക്കാൻ കഴിവുള്ളവരെല്ലാം അതു വായിക്കുന്നതു നന്നായിരിക്കും. എന്നാൽ ഖുറാനിൽ ബൈബിൾ വായിക്കണമെന്ന് പ്രവാചകൻ മുഹമ്മദ് നിർദ്ദേശിക്കുന്ന തുകാരണം മുസ്ലിം സഹോദരന്മാർക്കും അത് ബാധകമാണ്. അന്ത്യ ന്യായവിധിയിൽ ദൈവിക കോടതിയുടെ മുമ്പിൽ എല്ലാ മനുഷ്യരും നില്ക്കുമ്പോൾ ബൈബിൾ സത്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാ തിരുന്നതിന് പറയുന്ന ഒരു മുടന്തൻ ന്യായവും വിലപ്പോവുകയില്ല. മനുഷ്യരുടെ മുമ്പിൽ പരിഹസിച്ചും അക്രമാസക്തമായും കാര്യങ്ങൾ ഉദ്ദേശിച്ചതുപോലെ കുറച്ചു സമയത്തേക്കെങ്കിലും സാധിച്ചെടുക്കാൻ കഴിഞ്ഞാലും ദൈവിക കോടതിയുടെ മുമ്പാകെ അഗ്നിജ്വാലക്കൊത്ത കണ്ണുകളുള്ള ന്യായാധിപതിക്കുമുമ്പിൽ നേരെ നിൽക്കുമോ? ആ ദൈവിക കോടതിയിൽ ന്യായാധിപനായി ആരൂഢനായിരിക്കുന്നത് യേശുക്രിസ്തു ആയിരിക്കും എന്ന കാര്യം മറക്കേണ്ട. ബൈബിൾ അനുസരിച്ച് പിതാവായ ദൈവം യേശുക്രിസ്തുവിനെയാണ് ന്യായ വിധി ഏല്പിച്ചിരിക്കുന്നത് എന്നത് ഓർക്കുന്നതു നന്നായിരിക്കും.

## എം.എം. അക്ബറിനോടുള്ള ചോദ്യങ്ങൾ

*പ്രവാചകനായ മുഹമ്മദിന്റെ മരണശേഷം അബൂബക്കറിന്റെ ഭരണ കാലത്താണ് ആദ്യമായി ഖുറാൻ ക്രോഡീകരിക്കുന്നത്. അബുബ ക്കർ ഖുറാന്റെ സുറാകൾ ശേഖരിക്കാൻ സയിദിനോട് ആവശ്യപ്പെടു മ്പോൾ അദ്ദേഹത്തിന്റെ മറുപടി അല്ലാഹുവിന്റെ പ്രവാചകൻ*

*ചെയ്യാത്ത ഒരു കാര്യം എനിക്ക് എങ്ങനെ ചെയ്യാൻ കഴിയും എന്നായിരുന്നു. സയിദ് കൂട്ടിച്ചേർത്തു "അബുബക്കർ മല അതിന്റെ സ്ഥാനത്തു നിന്നു നീക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിൽ അത് ഇതിനെക്കാൾ എളുപ്പമാകുമായിരുന്നു." പ്രവാചകനായ മുഹമ്മദിന്റെ മരണശേഷം യമാനാ യുദ്ധത്തിൽ ഖുറാൻ സുറകൾ കാണാതെ പഠിച്ചിരുന്ന 450 വ്യക്തികൾ കൊല്ലപ്പെട്ടപ്പോഴാണ് ഖുറാൻ സുറകൾ ശേഖരിക്കേണ്ടതിന്റെ ആവശ്യം അബുബക്കറിന് ബോദ്ധ്യപ്പെട്ടത്. പിന്നീട് അതുവരെ എഴുതിവച്ചിരുന്നതും പലരുടെ ഓർമ്മയിൽനിന്നും സുറകൾ ശേഖരിച്ച് പുസ്തകം ആക്കുകയായിരുന്നു. അതിന്റെ പല പ്രതികൾ ആദ്യകാലത്തു നിലവിലുണ്ടായിരുന്നു. അവ തമ്മിൽ സാരമായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നതു കാരണം ഖലീഫ ഉത്മാൻ ഒരെണ്ണം സൂക്ഷിച്ചുകൊണ്ട് മറ്റുള്ളവ നശിപ്പിക്കുകയായിരുന്നു എന്നാണ് പാരമ്പര്യം. (The true guidance- An Introduction to Quranic studies published by Light of Light)*

*ഇതിന്റെ അടിസ്ഥാനത്തിൽ ഖുറാന്റെ ആദ്യ കൈയ്യെഴുത്തു പ്രതികൾ നിലവിലില്ലാത്ത സ്ഥിതിക്ക് ഖുറാനിലെ സുറകൾ ശേഖരിച്ചതിലും പകർത്തി എഴുതിയതിലും പുസ്തകം ആക്കിയതിലും മറ്റും പ്രവാചകന്റേതല്ലാത്ത വാക്കുകൾ കടന്നു കൂടിയിട്ടില്ല എന്ന് അക്ബറിനു തീർത്തു പറയാൻ സാധിക്കുമോ? ബൈബിളിൽ തെറ്റുകൾ കടന്നു കൂടി എന്ന് ആരോപിക്കുമ്പോൾ അതേ മാനദണ്ഡം ഖുറാൻ വിലയിരുത്തുന്നതിലും പാലിക്കുമോ?*

*തോറയും ഇൻജിലും (പുതിയനിയമം) ദൈവത്തിന്റെ വാക്കുകളായാണ് ഖുറാൻ അവതരിപ്പിക്കുന്നത്. ആ ഖുറാൻ സുറാ 6:34 പറയുന്നത് ആർക്കും ദൈവത്തിന്റെ വചനങ്ങൾക്ക് മാറ്റം വരുത്തുവാൻ സാധിക്കുകയില്ല എന്നാണ്.*

*സുറാ 6:34*

*നിനക്ക് മുമ്പും ദൂതൻമാർ നിഷേധിക്കപ്പെട്ടിട്ടുണ്ട്. എന്നിട്ട് തങ്ങൾ നിഷേധിക്കപ്പെടുകയും, മർദ്ദിക്കപ്പെടുകയും ചെയ്തത് നമ്മുടെ സഹായം അവർക്ക് വന്നെത്തുന്നത് വരെ അവർ സഹിച്ചു. അല്ലാഹുവിന്റെ വചനങ്ങൾക്ക് ( കൽപനകൾക്ക് ) മാറ്റം വരുത്താൻ*

*ആരും തന്നെയില്ല. ദൈവദൂതൻമാരുടെ വൃത്താന്തങ്ങളിൽ ചിലത് നിനക്ക് വന്നുകിട്ടിയിട്ടുണ്ടല്ലോ.*

*ഒരു ഖുറാൻ മാത്രം ഉണ്ടായിരുന്നിട്ടു കൂടി എന്തുകൊണ്ടാണ് നാലു വ്യത്യസ്ത ചിന്താഗതികൾ (School of Thought) മുസ്ലീം സമൂഹത്തിൽ നിലവിലിരിക്കുന്നത്? കൂടാതെ നൂറിലധികം അവാന്തരവിഭാഗങ്ങളും. അക്ബർ ഇതിനെ എങ്ങനെ വിശദീകരിക്കും?*

●